# സാമൂഹ്യശാസ്ത്രം

ഭാഗം -2

## സ്റ്റാൻഡേർഡ് VI

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 629-1/Soci.Science-6-(M)-Vol-II

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യ പൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്ന വരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
*Website* : www.scertkerala.gov.in, *e-mail* : scertkerala@gmail.com
Phone : 0471 - 2341883, Fax : 0471 - 2341869
Typesetting and Layout : SCERT, Printed at : KBPS, Kakkanad, Kochi-30
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

സാമൂഹ്യശാസ്ത്രം സമൂഹത്തിലേക്കു തുറക്കുന്ന വാതിലാണ്. അറിവിന്റെയും വിസ്മയങ്ങളുടെയും അനന്തസാധ്യതകളിലേക്കാണ് ഈ വാതിലിലൂടെ നിങ്ങളെത്തിച്ചേരുക. അവിടെ ചരിത്രത്തിന്റെ സുവർണനിമിഷങ്ങളുണ്ട്. സഞ്ചാരികളുടെ ലിഖിതങ്ങളും പോയകാലത്തിന്റെ അടയാളങ്ങളുമുണ്ട്. നമ്മുടെ രാജ്യത്തിന്റെ ഒരിക്കലും മായാത്ത സാംസ്കാരികമുദ്രകളുണ്ട്. ഭൂമി പറയുന്ന കഥകളും കാര്യങ്ങളുമുണ്ട്. മണ്ണും മഴയും മനുഷ്യരുമുണ്ട്. ഉല്പാദനമെന്ന സാമ്പത്തികപ്രവർത്തനവും ജനാധിപത്യാവകാശങ്ങളുമുണ്ട്. അങ്ങനെ ഒരുപാടു വൈവിധ്യങ്ങളുടെ നിറവാർന്ന ലോകത്തെയാണ് സാമൂഹ്യശാസ്ത്ര പാഠപുസ്തകം നിങ്ങൾക്കായി അവതരിപ്പിക്കുന്നത്. ചരിത്രത്തെ ഉൾക്കൊള്ളാൻ, പ്രകൃതിയെ സ്നേഹിക്കാൻ, വൈവിധ്യങ്ങൾ മനസ്സിലാക്കാൻ, ചുമതലാബോധമുള്ള പൗരന്മാരായി മാറാൻ സാമൂഹ്യശാസ്ത്ര പാഠപുസ്തകം നിങ്ങൾക്കു വഴികാട്ടിയാകും. ചർച്ചകളും സംവാദങ്ങളും അന്വേഷണങ്ങളും ഗവേഷണങ്ങളും നിങ്ങളുടെ ക്ലാസ്മുറികളെ സജീവമാക്കട്ടെ.!

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചനാസമിതി

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുൽ അസീസ്, വി.പി.**
എച്ച്.എസ്.എസ്.റ്റി., വി.പി.കെ.എം.എം.
എച്ച്.എസ്.എസ്.,പുതൂർപള്ളിക്കൽ

**അബ്ദുൾ സമദ്, കെ.സി**
എച്ച്.എസ്.എസ്.റ്റി.,
ഗവ. എച്ച്.എസ്.എസ്. വടകര,
കോഴിക്കോട്

**ജയകൃഷ്ണൻ ഒ.കെ.**
എച്ച്.എസ്.എ,
കെ.പി.സി.എച്ച്.എസ്.എസ്.
പട്ടാന്നൂർ, കണ്ണൂർ

**നിഷ എം.എസ്.**
യു.പി.എസ്.എ., പി.എച്ച്.എസ്.എസ്.,
മെഴുവേലി, പത്തനംതിട്ട

**നിശാന്ത് മോഹൻ എം.**
എച്ച്.എസ്.എസ്.റ്റി.
ഗവ. തമിഴ് എച്ച്.എസ്.എസ്., ചാല
തിരുവനന്തപുരം

**പ്രദീപൻ, റ്റി.**
എച്ച്.എസ്.എസ്.റ്റി, ജി.എച്ച്.എസ്.എസ്.,
കല്ലാച്ചി, കോഴിക്കോട്

**ഫൈസൽ. വി**
എച്ച്.എസ്.എസ്.റ്റി, ജി.ജി.എച്ച്.എസ്.എസ്,
പറയഞ്ചേരി, കോഴിക്കോട്

**ഡോ. ബാബുക്കുട്ടൻ, പി.**
സീനിയർ ലക്ചറർ, ഡയറ്റ്,
കൊല്ലം

**പി. എൻ. മുരളീധരൻ നായർ**
എച്ച്.എസ്.എസ്.റ്റി, എൻ.എസ്.എസ്, എച്ച്.എസ്. എസ്
ആനിക്കാട്, കോട്ടയം

**യൂസഫ് കുമാർ, എസ്.എം.**
എച്ച്.എസ്.എസ്.റ്റി., ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.
എസ്., ആറ്റിങ്ങൽ

**വിജയ്കുമാർ, സി.ആർ.**
എച്ച്.എസ്.എസ്.റ്റി.,
ഗവ. ബോയ്സ് എച്ച്.എസ്.എസ്., മിത്യമ്മല

**വിൽഫ്രഡ് ജോൺ എസ്.**
എച്ച്.എസ്.എസ്.റ്റി.,
എം. ജി. എച്ച്.എസ്.എസ്., കണിയാപുരം

**ഷാൻലാൽ. എ.ബി**
എച്ച്.എസ്.എസ്.റ്റി.,
ഗവ.മോഡൽ ബോയ്സ് എച്ച്.എസ്.എസ്.,
ഹരിപ്പാട്

**എച്ച്. എ. സലിം**
ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, കുമരംചിറ, ശാസ്താംകോട്ട

**സീനമോൾ എം. എം.**
എച്ച്.എസ്.എ.,
ഗവ.എച്ച്.എസ്.എസ്., തോന്നക്കൽ

## വിദഗ്ധർ

**ഡോ. അബ്ദുൽ റസാക് പി.പി.**
അസോസിയേറ്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
പി.എസ്.എം.ഒ കോളേജ്, തിരൂരങ്ങാടി

**ഐ.പി. ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.),
എസ്.സി.ഇ.ആർ.ടി.

**ഡോ. എൻ. പി. ഹാഫിസ് മുഹമ്മദ്**
കോർഡിനേറ്റർ, ഡിപാർട്ട്മെന്റ് ഓഫ് സോഷ്യോളജി
കാലിക്കറ്റ് യൂണിവേഴ്സിറ്റി

**പി.എസ്. മനോജ് കുമാർ**
അസിസ്റ്റന്റ് പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ്
ഹിസ്റ്ററി, കെ.കെ.ടി.എം. കോളേജ്,
കൊടുങ്ങല്ലൂർ, തൃശൂർ

**മനോജ്, കെ.വി.**
റിസർച്ച് ഓഫീസർ,
എസ്.സി.ഇ.ആർ.ടി.

**സുധീഷ് കുമാർ ജെ.**
അസിസ്റ്റന്റ് പ്രൊഫസർ, ഡിപാർട്ട്മെന്റ് ഓഫ്
പൊളിറ്റിക്കൽ സയൻസ്,
വി. ടി. എം. എൻ.എസ്.എസ് കോളേജ്,
ധനുവച്ചപുരം

## അക്കാദമിക് കോ-ഓർഡിനേറ്റർ

**ചിത്രാ മാധവൻ,** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം


07. മധ്യകാല ഇന്ത്യ : കലയും സാഹിത്യവും 103

08. മധ്യകാല ലോകം 119

09. മധ്യകാല കേരളം 131

10. ജനാധിപത്യവും അവകാശങ്ങളും 143

11. സമൂഹജീവിതത്തിലെ വൈവിധ്യം 157

12. പ്രകൃതിയുടെ വരദാനം 171

## ഈ പുസ്തകത്തിൽ ചില ചിഹ്നങ്ങൾ പഠനസൗകര്യത്തിനായി ഉപയോഗിച്ചിരിക്കുന്നു



അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


പ്രവർത്തനങ്ങൾ



സംഗ്രഹം


പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ


വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ


സ്വയം വിലയിരുത്താം



# 7

# മധ്യകാല ഇന്ത്യ: കലയും സാഹിത്യവും



എ.ഡി. ആയിരത്തി ഇരുനൂറ്റിനാൽപ്പത്തിയാറിൽ ചന്ദ്രഭാഗ നദീമുഖത്ത് വിശ്വവിഖ്യാതമായ സൂര്യക്ഷേത്രത്തിന് അടിത്തറ ഇട്ടു. ദൂരെയുള്ള പർവതങ്ങളിൽനിന്ന് പലതരം കല്ലുകൾ കൊണ്ടുവന്നു. നീലഗിരിയിൽനിന്നും ദൂരെയുള്ള നാട്ടുരാജ്യങ്ങളിൽനിന്നും വെളുത്തതും കറുത്തതും നീല നിറത്തിലുള്ളതുമായ ശിലകളും കൊണ്ടുവന്നു...... ക്ഷേത്രത്തിനു മുകളിൽ കലശം സ്ഥാപിക്കുന്നതിനുവേണ്ടി ഇരുപത്തിയഞ്ച് അടി പൊക്കവും അമ്പത്താറായിരം മന്ന് ഭാരവുമുള്ള ശിലകൾ നൂറിലേറെ മൈൽ ദൂരം ജലമാർഗത്തിലൂടെ കൊണ്ടുവന്ന് ഇരുനൂറ് അടി ഉയരത്തിൽ ക്ഷേത്രശിഖരത്തിൽ സ്ഥാപിച്ചു..... ആയിരത്തി ഇരുനൂറ് ശില്പികൾ സ്വന്തം സുഖസൗകര്യങ്ങളും ആഗ്രഹങ്ങളുമെല്ലാം ഉപേക്ഷിച്ചുകൊണ്ട് പ്രതിജ്ഞചെയ്തു: "കൊണാർക്കിലെ കലശം ഉറപ്പിക്കുന്നതുവരെ തിരിച്ചു പോവുകയില്ല"......... അവർ ഏകാഗ്രതയോടെ പന്ത്രണ്ട് വർഷം നിരന്തരം പണിയെടുത്തു."

പ്രശസ്ത ഒഡിയ സാഹിത്യകാരി പ്രതിഭാറായ് 'ശിലാപത്മം' എന്ന നോവലിൽ കൊണാർക്കിലെ സൂര്യക്ഷേത്രത്തിന്റെ നിർമാണത്തെക്കുറിച്ച് നൽകിയ വിവരണമാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

ഇതിൽനിന്ന് എന്തെല്ലാം വിവരങ്ങളാണ് കണ്ടെത്താനാകുന്നത്?

- ക്ഷേത്രത്തിന്റെ നിർമാണത്തിനാവശ്യമായ പല നിറത്തിലുള്ള ശിലകൾ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നും കൊണ്ടുവന്നു.
- 
- 

കൊണാർക്കിലെ സൂര്യക്ഷേത്രത്തിനു പുറമെ ധാരാളം നിർമിതികൾ മധ്യകാല ഇന്ത്യയിൽ ഉയർന്നു വന്നു. അവയുടെ നിർമാണത്തെക്കുറിച്ചും സവിശേഷതകളെക്കുറിച്ചും ഒരു അന്വേഷണമായാലോ?

തെക്കേ ഇന്ത്യയിൽ കാഞ്ചീപുരം ആസ്ഥാനമാക്കി ഭരണം നടത്തിയ രാജാക്കന്മാരായിരുന്നു പല്ലവന്മാർ. അവരുടെ പ്രധാന തുറമുഖനഗരമായിരുന്നു മഹാബലിപുരം. പല്ലവരാജാവായ നരസിംഹവർമന്റെ കാലത്ത് അവിടെ നിർമിച്ച ക്ഷേത്രങ്ങൾ പഞ്ചരഥങ്ങൾ എന്നറിയപ്പെടുന്നു.



മഹാബലിപുരത്തെ പഞ്ചരഥങ്ങൾ

അവയോരോന്നും ഒറ്റക്കല്ലിൽ കൊത്തിയെടുത്തവയാണ്. ഇന്ത്യയുടെ പല ഭാഗത്തും ഈ രീതിയിൽ ഒറ്റക്കല്ലിൽ ക്ഷേത്രങ്ങൾ നിർമിച്ചിരുന്നു.

മഹാരാഷ്ട്രയിലെ എല്ലോറ ഗുഹാക്ഷേത്രങ്ങൾ ഇത്തരത്തിൽപ്പെട്ടവയാണ്. ആറാം നൂറ്റാണ്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെയുള്ള കാലത്താണ് ഈ ക്ഷേത്രങ്ങൾ നിർമിച്ചത്. ബൗദ്ധർ, ജൈനർ,

വൈഷ്ണവർ, ശൈവർ എന്നിവരുടെ ക്ഷേത്രങ്ങൾ നമുക്ക് എല്ലോറയിൽ കാണാവുന്നതാണ്.





എല്ലോറയിലെ ഗുഹാക്ഷേത്രങ്ങൾ

പിൽക്കാലത്ത് ചെത്തിമിനുക്കിയ പാറകൾ ഉപയോഗിച്ച് ഉയരമേറിയ ക്ഷേത്രങ്ങൾ നിർമിക്കുന്ന രീതി നിലവിൽ വന്നു. ഇവയിൽ ഭൂരിഭാഗവും ബഹുനിലക്ഷേത്രങ്ങളായിരുന്നു.

ആസാമിലെ കാമാഖ്യക്ഷേത്രവും ചോളരാജാവായ രാജരാജൻ തഞ്ചാവൂരിൽ നിർമിച്ച ബൃഹദീശ്വരക്ഷേത്രവും ഇതിന് ഉദാഹരണങ്ങളാണ്.



ആസാമിലെ കാമാഖ്യക്ഷേത്രം



തഞ്ചാവൂരിലെ ബൃഹദീശ്വരക്ഷേത്രം

പിന്നീട് ക്ഷേത്രഭിത്തികൾ ശില്പങ്ങൾ കൊണ്ടലങ്കരിക്കുന്ന സമ്പ്രദായം വ്യാപകമായി. രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയിലെ കഥാസന്ദർഭങ്ങളുടെ ദൃശ്യങ്ങൾ ക്ഷേത്രച്ചുമരുകളിൽ കൊത്തിവച്ചു. ഇവയ്ക്കപുറമെ യുദ്ധരംഗങ്ങളുടെയും നൃത്ത - സംഗീത രംഗങ്ങളുടെയും ശില്പങ്ങളും ക്ഷേത്രഭിത്തികളിൽ സ്ഥാനം പിടിച്ചു.


സംഗീതരംഗം


യുദ്ധരംഗം



നൃത്തരംഗം



മധ്യപ്രദേശിലെ ഖജുരാഹോ ക്ഷേത്രം

ക്ഷേത്രഭിത്തികളിൽ ശില്പങ്ങൾകൊണ്ടലങ്കരിക്കുന്ന രീതിക്ക് ഉദാഹരണമാണ് മധ്യപ്രദേശിലെ ഖജുരാഹോക്ഷേത്രം.


**"ഇന്ത്യയിൽ ഇന്നു കാണുന്ന ക്ഷേത്രനിർമാണരീതി വിവിധ ഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ്". സമർഥിക്കുക.**

സൽത്തനത്ത് ഭരണകാലത്ത് ഇന്ത്യയിൽ ഒരു പുതിയ വാസ്തു വിദ്യാശൈലി രൂപപ്പെട്ടു. ഇത് ഇൻഡോ - ഇസ്ലാമിക് വാസ്തു വിദ്യാശൈലി എന്നറിയപ്പെടുന്നു.


കമാനം



താഴികക്കുടം


മിനാരം

വാസ്തുവിദ്യാരംഗത്ത് വിദഗ്ധരായവരെ തുർക്കി, പേർഷ്യ എന്നീ രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലേക്കു കൊണ്ടുവന്നു. അവരോടൊപ്പം തദ്ദേശീയരായ ശില്പികൾ, തൊഴിലാളികൾ, കൽപ്പണിക്കാർ തുടങ്ങിയവരും നിർമാണപ്രവർത്തനങ്ങളിൽ പങ്കാളികളായി. ഇരുകൂട്ടരുടെയും ശൈലികൾ സമന്വയിച്ചാണ് ഇൻഡോ - ഇസ്ലാമിക് വാസ്തുവിദ്യാശൈലി രൂപപ്പെട്ടത്. ഈ വാസ്തുവിദ്യാരീതിയുടെ ചില സവിശേഷതകൾ പരിശോധിക്കാം.

- കമാനങ്ങളും താഴികക്കുടങ്ങളും മിനാരങ്ങളും ഈ ശൈലിയുടെ മുഖ്യ സവിശേഷതകളാണ്.
- കെട്ടിടങ്ങളിൽ അലങ്കാരത്തിനുവേണ്ടി പുഷ്പങ്ങളുടെയും സസ്യങ്ങളുടെയും രൂപങ്ങൾ കൊത്തിവച്ചു.


സസ്യങ്ങളുടെയും പുഷ്പങ്ങളുടെയും രൂപങ്ങൾ


കുത്ത്ബ് മിനാർ


- കെട്ടിടങ്ങളുടെ നിർമാണത്തിന് കുമ്മായം, ചുവന്നകല്ല്, മാർബിൾ മുതലായവ ഉപയോഗിച്ചു.
- നിർമിതികളോടു ചേർന്ന് വിശാലമായ പൂന്തോട്ടങ്ങളുണ്ടാക്കി.

ഈ വാസ്തുവിദ്യാ ശൈലിയിൽ പണിതീർത്ത ആദ്യ നിർമ്മിതിയാണ് കുത്ത്ബ് മിനാർ.

സൽത്തനത്ത് സ്ഥാപകനായിരുന്ന കുത്തുബുദ്ദീൻ ഐബക് ആണ് കുത്ത്ബ് മിനാറിന്റെ നിർമാണം ആരംഭിച്ചത്. ഇൽതുത്മിഷ് ഇതിന്റെ നിർമാണം പൂർത്തിയാക്കി. ഉയരമുള്ള ഗോപുരവും ഗോപുരത്തിൽ നിന്ന് തള്ളിനിൽക്കുന്ന ബാൽക്കണികളും ഇതിന്റെ സവിശേഷതകളാണ്.

മുഗൾകാലഘട്ടത്തിൽ ഇൻഡോ-ഇസ്ലാമിക് ശൈലി കൂടുതൽ പ്രചാരം നേടി. മുഗൾരാജാക്കന്മാർ ഈ ശൈലിയിൽ നിരവധി കോട്ടകൾ, ആരാധനാലയങ്ങൾ, ശവകുടീരങ്ങൾ മുതലായവ നിർമിച്ചു. അവയിൽ ചിലത് നമുക്ക് പരിചയപ്പെടാം.

ഡൽഹിയിൽ സ്ഥിതിചെയ്യുന്ന ഹുമയൂണിന്റെ ശവകുടീരം ഈ ശൈലിയിൽ നിർമിച്ചതാണ്. മനോഹരമായ പൂന്തോട്ടത്തിന്റെ മധ്യഭാഗത്താണ് ഈ ശവകുടീരം സ്ഥിതി ചെയ്യുന്നത്. ചുവന്ന മണൽക്കല്ലും വെണ്ണക്കല്ലും കൊണ്ടാണ് ഇത് നിർമിച്ചിരിക്കുന്നത്. താജ്മഹലിന്റെ നിർമാണത്തിന് മാതൃകയാക്കിയത് ഈ സ്മാരകത്തെയാണ്.


ഹുമയൂണിന്റെ ശവകുടീരം – ഡൽഹി



താജ്മഹൽ

മുഗൾ ചക്രവർത്തിയായ ഷാജഹാൻ പത്നി മുംതാസ് മഹലിന്റെ ഓർമയ്ക്കായി ആഗ്രയിൽ നിർമിച്ച താജ്മഹൽ ഇൻഡോ- ഇസ്ലാമിക് ശൈലിയുടെ ഏറ്റവും നല്ല ഉദാഹരണമാണ്. ഇതിന്റെ നിർമാണത്തിന് വെള്ള മാർബിളാണ് ഉപയോഗിച്ചത്.




ചെങ്കോട്ട

ഡൽഹിയിലെ ചെങ്കോട്ടയാണ് ചിത്രത്തിൽ കാണുന്നത്. അതിന് ഈ പേരു വരാൻ കാരണമെന്തായിരിക്കും?

മുഗൾഭരണകാലത്തെ കോട്ടകളിൽ പ്രധാനപ്പെട്ടതാണ് ഇത്. പൂർണമായും ചുവന്ന മണൽക്കല്ലുകൾ കൊണ്ടാണ് ചെങ്കോട്ട നിർമിച്ചിരിക്കുന്നത്.

ഇൻഡോ–ഇസ്‌ലാമിക് ശൈലിയിലുള്ള മറ്റൊരു നിർമിതിയാണ് ഡൽഹിയിലെ ജുമാമസ്ജിദ്. മാർബിളും ചുവന്നകല്ലുകളും ഉപയോഗിച്ചാണ് ഇത് നിർമിച്ചിരിക്കുന്നത്.




ജുമാമസ്ജിദ് – ഡൽഹി

ബാഹ്മിനി സുൽത്താന്മാരുടെ കാലത്ത് നിർമിച്ച ഗോൾഗുംബസ് (ബിജാപ്പൂർ) കുത്തബ് ഷാഹി സുൽത്താന്മാരുടെ കാലത്ത് നിർമിച്ച ചാർമിനാർ (ഹൈദരാബാദ്) എന്നിവയും ഇൻഡോ – ഇസ്ലാമിക് വാസ്തുവിദ്യാശൈലിക്ക് ഉദാഹരണങ്ങളാണ്.



മധ്യകാല ഇന്ത്യയിലെ പ്രധാന നിർമിതികളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക. ചുവടെ കൊടുത്ത പട്ടിക പൂർത്തിയാക്കുക.

| നിർമിതി | പേര് | പ്രത്യേകതകൾ |
|---|---|---|
|  | **ബൃഹദീശ്വരക്ഷേത്രം** | • തമിഴ്നാട്ടിലെ തഞ്ചാവൂരിൽ സ്ഥിതിചെയ്യുന്നു.<br>• ചോളരാജാവായ രാജരാജനാണ് നിർമിച്ചത്<br>• ഇന്ത്യയിലെ വിസ്തൃതവും ഉയരമേറിയതുമായ ക്ഷേത്രങ്ങളിൽ ഒന്നാണ്.<br>• പാറകൾ ചെത്തിമിനുക്കി നിർമിച്ച ബഹുനില ക്ഷേത്രം. |
|  | | •<br>•<br>• |
|  | | •<br>•<br>• |
|  | | •<br>•<br>• |
|  | | •<br>•<br>• |

അക്കാലത്ത് ദക്ഷിണേന്ത്യയിൽ വിജയനഗര രാജാക്കന്മാർ നിർമിച്ച പ്രധാന ക്ഷേത്രങ്ങളാണ് വിട്ടലസ്വാമിക്ഷേത്രവും ഹസാരരാമക്ഷേത്രവും. മുൻകാല നിർമിതികളിൽ നിന്നു ഇവയിൽ കാണുന്ന മാറ്റങ്ങൾ എന്തെല്ലാം?


വിട്ടലസ്വാമിക്ഷേത്രം

- ഇവ പാറകൾ ചെത്തിമിനുക്കി നിർമിച്ച ബഹുനില ക്ഷേത്രങ്ങളാണ്.
- ക്ഷേത്രങ്ങളോടു ചേർന്ന് മണ്ഡപങ്ങൾ നിർമിച്ചു.
- അലങ്കാരപ്പണികളുള്ള തൂണുകൾ നിർമിച്ചു.
- ക്ഷേത്രങ്ങൾ വിപുലപ്പെടുത്തി.

പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ ഒരു പുതിയ വാസ്തുവിദ്യാശൈലി ഇന്ത്യയിൽ പരിചയപ്പെടുത്തി. ഇത് ഗോഥിക് ശൈലി എന്നറിയപ്പെടുന്നു. കൂർത്ത ഗോപുരങ്ങളും കമാനങ്ങളും ഇതിന്റെ മുഖ്യ സവിശേഷതകളാണ്. കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിയും ഗോവയിലെ ബോംജീസസ് പള്ളിയും ഇവയ്ക്ക് ഉദാഹരണങ്ങളാണ്.


കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളി

മുകളിൽ ചർച്ച ചെയ്ത വാസ്തുവിദ്യാശൈലികളിലുള്ള നിർമിതികൾ ഇന്ത്യയുടെ സാംസ്കാരിക സമ്പന്നതയുടെയും വൈവിധ്യത്തിന്റെയും പ്രതീകങ്ങളാണ്.


**ഇൻഡോ – ഇസ്ലാമിക് വാസ്തുവിദ്യാശൈലിയിലുള്ള നിർമിതികളുടെ പൊതുവായ സവിശേഷതകൾ കണ്ടെത്തി എഴുതുക.**

## സംഗീതവും ചിത്രകലയും

വാസ്തുവിദ്യ കൂടാതെ മധ്യകാല ഇന്ത്യയിൽ സംഗീതരംഗവും അഭിവൃദ്ധി പ്രാപിച്ചു. ദക്ഷിണേന്ത്യയിൽ കർണാടകസംഗീതം കൂടുതൽ വികാസം പ്രാപിച്ചു. കർണാടകസംഗീതത്തിലെ ശ്രദ്ധേയനായിരുന്നു പുരന്ദരദാസൻ.

സൽത്തനത്ത്-മുഗൾകാലഘട്ടത്തിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനഫലമായി പുതിയൊരു സംഗീതശൈലി രൂപപ്പെട്ടു. ഇതാണ് ഹിന്ദുസ്ഥാനിസംഗീതം. അമിർഖുസ്രു, താൻസൻ തുടങ്ങിയവർ അക്കാലത്തെ ശ്രദ്ധേയരായ സംഗീതജ്ഞരാണ്. ഖവ്വാലി എന്ന സംഗീതരൂപം രൂപപ്പെട്ടത് ഇക്കാലത്താണ്. ഖവ്വാലിയുടെ വളർച്ചയിൽ അമീർഖുസ്രു വലിയ പങ്കുവഹിച്ചു. നിരവധി പുതിയ സംഗീതോപകരണങ്ങൾ ഇക്കാലഘട്ടത്തിൽ രൂപംകൊണ്ടു. തബല, സിതാർ എന്നിവ ഇതിനുദാഹരണങ്ങളാണ്.



സിതാർ



തബല

സംഗീതത്തിലെന്നപോലെ ചിത്രകലയിലും മധ്യകാലഘട്ടത്തിൽ ശ്രദ്ധേയമായ മാറ്റങ്ങൾ വന്നു.

ചിത്രങ്ങൾ ശ്രദ്ധിക്കൂ...



**ഖവ്വാലി**

സൂഫിവര്യന്മാർ താമസിച്ചിരുന്ന ഖാൻകകളിൽ രൂപപ്പെട്ട ഒരു സംഗീതരൂപമാണ് ഖവ്വാലി. ഉർദു ഭാഷയിൽ രചിക്കപ്പെട്ട ഭക്തിഗീതങ്ങൾ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ചടുലമായ താളക്രമത്തിൽ ആലപിക്കുന്നതാണ് ഇതിന്റെ പ്രത്യേകത.




മുഗൾചിത്രകല – ബൈബിളിലെ സന്ദർഭം



മുഗൾ ചിത്രകല – കൊട്ടാരദൃശ്യങ്ങൾ



മുഗൾ ചിത്രകല – രാമായണത്തിലെ സന്ദർഭങ്ങൾ



മുഗൾ ചിത്രകല – പ്രകൃതിദൃശ്യങ്ങൾ

അക്കാലത്ത് ചിത്രരചനയ്ക്ക് സ്വീകരിച്ച ആശയങ്ങൾ എന്തെല്ലാമായിരുന്നു?

രാമായണം, ബൈബിൾ, കൊട്ടാരജീവിതം, പ്രകൃതിദൃശ്യങ്ങൾ തുടങ്ങിയവയായിരുന്നു ചിത്രങ്ങളുടെ പ്രമേയങ്ങൾ.

## സാഹിത്യം

മധ്യകാല ഇന്ത്യയിൽ വാസ്തുവിദ്യ, സംഗീതം, ചിത്രകല എന്നീ മേഖലകളിലുണ്ടായ വികാസം പോലെ സാഹിത്യവും പുരോഗതി നേടി.

മധ്യകാലത്ത് ഇന്ത്യയിൽ രൂപംകൊണ്ട ഭക്തിപ്രസ്ഥാനവും സൂഫിപ്രസ്ഥാനവും അക്കാലത്തെ സാഹിത്യത്തിന്റെ പുരോഗതിയിൽ നിർണായകമായ പങ്കു വഹിച്ചു.



### ഭക്തിപ്രസ്ഥാനം

ദൈവത്തോടുള്ള സ്നേഹവും ഭക്തിയും അടിസ്ഥാനമാക്കി ദക്ഷിണേന്ത്യയിൽ രൂപംകൊണ്ടതാണ് ഭക്തിപ്രസ്ഥാനം. ദക്ഷിണേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന് നായനാർമാർ, ആഴ്വാർമാർ എന്ന രണ്ടു വിഭാഗങ്ങളുണ്ടായിരുന്നു. നായനാർമാർ ശിവഭക്തരും ആഴ്വാർമാർ വിഷ്ണുഭക്തരുമാണ്. പതിനാലാം നൂറ്റാണ്ടോടെ ഈ ആശയം ഉത്തരേന്ത്യയിലേക്ക് വ്യാപിച്ചു. ഗുരുനാനാക്ക്, കബീർദാസ്, തുളസീദാസ്, സൂർദാസ്, തുക്കാറാം, മീരാഭായ്, ചൈതന്യ തുടങ്ങിയവരായിരുന്നു ഉത്തരേന്ത്യയിലെ ഭക്തിപ്രസ്ഥാനത്തിന്റെ പ്രധാന പ്രചാരകർ.

ഭക്തിപ്രസ്ഥാനത്തിന്റെ വരവ് വിവിധ പ്രാദേശികഭാഷകൾക്ക് ഉണർവേകി. ഭക്തിപ്രസ്ഥാനത്തിലെ കവികളെല്ലാം സാധാരണക്കാരന്റെ ഭാഷയിലാണ് കവിതകൾ രചിച്ചത്. ഇത് പ്രാദേശികഭാഷകളുടെ വളർച്ചയ്ക്ക് സഹായകമായി. ഇത്തരത്തിൽ വികാസം പ്രാപിച്ച ഭാഷകളാണ് :

- മലയാളം
- തെലുങ്ക്
- കന്നഡ
- മറാത്തി
- ഹിന്ദി
- ബംഗാളി
- ഗുജറാത്തി



### സൂഫിപ്രസ്ഥാനം

ആഡംബര ജീവിതത്തെ എതിർക്കുകയും ആത്മീയജീവിതത്തിന് പ്രധാന്യം നൽകുകയും ചെയ്തവരായിരുന്നു സൂഫികൾ. സൂഫ് എന്ന അറബ് വാക്കിൽ നിന്നാണ് സൂഫിസം എന്ന പദം ഉണ്ടായത്. ഖ്വാജാ മൊയ്നുദ്ദീൻ ചിസ്തി, നിസാമുദ്ദീൻ ഔലിയ തുടങ്ങിയവർ സൂഫിപ്രസ്ഥാനത്തിന്റെ പ്രചാരകരായിരുന്നു.

ഇക്കാലത്ത് ചില പ്രധാന പ്രാദേശികഭാഷകളിലുണ്ടായ സാഹിത്യ കൃതികളുടെയും അവയുടെ രചയിതാക്കളുടെയും പേരുകൾ താഴെ നൽകിയിരിക്കുന്നു.

**പ്രാദേശികഭാഷകളും കൃതികളും**

- **മലയാളം**
  അധ്യാത്മരാമായണം – എഴുത്തച്ഛൻ
- **തമിഴ്**
  ഇരാമവതാരം (കമ്പരാമായണം) – കമ്പർ
- **ഹിന്ദി**
  രാമചരിതമാനസം – തുളസീദാസ്
- **തെലുങ്ക്**
  മഹാഭാരതം – നന്നയ്യ
- **കന്നഡ**
  വിക്രമാർജ്ജുനവിജയം (പമ്പഭാരതം) – പമ്പ
- **ഒഡിയ**
  ഒഡിയമഹാഭാരതം – സരളദാസ
- **മറാത്തി**
  മറാത്തി ഭാഗവതം – ഏക്നാഥ്
- **ഗുജറാത്തി**
  ഗുജറാത്തി ഭാഗവതം – പ്രേമാനന്ദ
- **ബംഗാളി**
  ബംഗാളിരാമായണം – കൃതിവാസ




പ്രാദേശിക ഭാഷകളിലുണ്ടായ കൃതികളെക്കുറിച്ചും സാഹിത്യകാരന്മാരെക്കുറിച്ചുമുള്ള വിവരങ്ങൾ ചാർട്ടിൽ നിന്ന് ശേഖരിച്ച് പട്ടിക പൂർത്തീകരിക്കുക.

| പ്രാദേശികഭാഷകൾ | കൃതികൾ | സാഹിത്യകാരന്മാർ |
|---|---|---|
| | | |

സൂഫിപ്രസ്ഥാനം ഉറുദുഭാഷയുടെ വളർച്ചയിൽ പ്രധാന പങ്കു വഹിച്ചു. അറബി, പേർഷ്യൻ എന്നീ ഭാഷകളും ഇന്ത്യൻ പ്രാകൃത ഭാഷകളായ ഘടിബോലി, ബ്രിജ് മുതലായവയും കൂടിച്ചേർന്നുണ്ടായതാണ് ഉറുദുഭാഷ.

മധ്യകാലഘട്ടത്തിൽ നിരവധി കൃതികൾ പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്തു. മുഗൾ ചക്രവർത്തി അക്ബറുടെ കാലത്ത് തർജമയ്ക്കുവേണ്ടി ഒരു വകുപ്പ് തന്നെ പ്രവർത്തിച്ചിരുന്നു. അക്കാലത്ത് രാമായണവും മഹാഭാരതവും ഉൾപ്പെടെ അനേകം സംസ്കൃതകൃതികൾ പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്തു. ഉപനിഷത്തുക്കളും അഥർവവേദവും പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്തത് ഷാജഹാൻ ചക്രവർത്തിയുടെ മകൻ ദാരാഷുക്കോ ആണ്. ഇന്ത്യയുടെ സംസ്കാരവും വിജ്ഞാനവും അന്യദേശങ്ങളിലേക്ക് വ്യാപിക്കുന്നതിൽ പരിഭാഷകൾക്ക് പ്രധാന പങ്കുണ്ടായിരുന്നു. പുറംനാടുകളുമായുള്ള സാംസ്കാരികവിനിമയത്തിന് ഇത് വഴിയൊരുക്കി.




## സംഗ്രഹം

- വിവിധ കാലഘട്ടങ്ങളിലൂടെ വികാസം പ്രാപിച്ചതാണ് ഇന്ത്യയിലെ വാസ്തുവിദ്യാരീതി.
- മധ്യകാലഘട്ടത്തിലെ നിർമിതികളിൽ വിവിധ വാസ്തുവിദ്യാശൈലികളുടെ സ്വാധീനം പ്രകടമാണ്.
- ഇന്ത്യയിലെ സംഗീതം, ചിത്രകല തുടങ്ങിയവ വിവിധ കാലഘട്ടങ്ങളിൽ വിവിധ ശൈലികളുടെ കൂടിച്ചേരലിലൂടെ വളർന്നുവന്നതാണ്.
- ഭക്തി-സൂഫിപ്രസ്ഥാനങ്ങൾ ഇന്ത്യയിൽ സാഹിത്യത്തിന്റെ പുരോഗതിക്കും പ്രാദേശികഭാഷകളുടെ വളർച്ചയ്ക്കും കാരണമായി.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- മധ്യകാല ഇന്ത്യയിലെ വാസ്തുവിദ്യാരീതികളുടെ സവിശേഷതകൾ വിശദീകരിക്കുന്നു.
- ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യാശൈലിയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- മധ്യകാല ഇന്ത്യയിൽ സംഗീതത്തിലും ചിത്രകലയിലുമുണ്ടായ മാറ്റങ്ങൾ വിശകലനം ചെയ്യുന്നു.

- മധ്യകാല ഇന്ത്യയിലെ പ്രാദേശികഭാഷകളുടെ വികാസത്തിനും സാഹിത്യത്തിന്റെ വളർച്ചയ്ക്കും ഭക്തി - സൂഫി പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുന്നു.

## വിലയിരുത്താം

- ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യാശൈലിയുടെ സവിശേഷതകൾ എഴുതുക.
- മധ്യകാലഘട്ടത്തിലെ ചില നിർമിതികളും അവ നിർമിച്ച ഭരണകാലഘട്ടവും അടങ്ങിയ പട്ടിക പൂർത്തിയാക്കുക.

| നിർമിതികൾ | കാലഘട്ടം |
|---|---|
| ബൃഹദീശ്വരക്ഷേത്രം | ചോളഭരണകാലം |
| കുത്ത്ബ്മിനാർ | .......................................... |
| ഹുമയൂൺ ശവകുടീരം | .......................................... |
| താജ്മഹൽ | .......................................... |
| ചെങ്കോട്ട | .......................................... |

## തുടർപ്രവർത്തനങ്ങൾ

- ഇന്ത്യയിലെ വിവിധ നിർമിതികൾക്ക് പിന്നിലുള്ള ചരിത്രപരവും രസകരവുമായ വിവരങ്ങൾ ശേഖരിക്കുക.
- ഭക്തിപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയവരെയും അവരുടെ പ്രവർത്തനമേഖലകൾ ഉൾക്കൊള്ളുന്ന ഇന്നത്തെ സംസ്ഥാനങ്ങളുടെയും പട്ടിക തയാറാക്കുക.
- മുഗൾ ചിത്രകലയുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരിച്ച് ചുമർപത്രം തയാറാക്കുക.

## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| വിവിധ കാലങ്ങളിലൂടെയുള്ള വളർച്ചയുടെ ഫലമായിട്ടാണ് ഇന്ത്യയിലെ വാസ്തുവിദ്യാരീതി രൂപപ്പെട്ടതെന്ന് തിരിച്ചറിയാൻ കഴിയും. | | | |
| ഇൻഡോ-ഇസ്ലാമിക് വാസ്തുവിദ്യാശൈലിയുടെ സവിശേഷതകൾ വിശദമാക്കാൻ കഴിയും. | | | |
| മധ്യകാല ഇന്ത്യയിലെ വാസ്തുവിദ്യ, ചിത്രകല, സംഗീതം എന്നീ മേഖലകളിലെ പുരോഗതി വിലയിരുത്താൻ സാധിക്കും. | | | |
| മധ്യകാല ഇന്ത്യയിലെ നിർമിതികൾ ഇന്ത്യയുടെ സാംസ്കാരിക അടയാളങ്ങളാണെന്ന് തിരിച്ചറിയാൻ കഴിയും. | | | |
| ഭക്തി-സൂഫി പ്രസ്ഥാനങ്ങൾ ഇന്ത്യയിലെ സാംസ്കാരികമേഖലയിൽ ചെലുത്തിയ സ്വാധീനം വിശകലനം ചെയ്യാൻ കഴിയും. | | | |



8

# മധ്യകാല ലോകം

*കാലം സി.ഇ. അഞ്ചാം നൂറ്റാണ്ട്. യൂറോപ്പിലെ ജനങ്ങൾ ഓരോ ദിവസവും ഭീതിയോടെയാണ് തള്ളിനീക്കിയത്. വടക്കൻ യൂറോപ്പിൽനിന്നുള്ള ജർമാനിക് വർഗക്കാരുടെ നിരന്തര ആക്രമണങ്ങളായിരുന്നു അവരുടെ ഭീതിക്ക് കാരണം. ഇരച്ചുവന്ന ആക്രമണകാരികൾ നഗരങ്ങൾ കൊള്ളയടിക്കുകയും ആളുകളെ കൂട്ടക്കുരുതി നടത്തുകയും ചെയ്തു. ജനങ്ങൾ രാജാക്കന്മാരോട് സങ്കടമുണർത്തിച്ചെങ്കിലും അവരും നിസ്സഹായരായിരുന്നു.*


*അവസാനം രാജാക്കന്മാർ ഒരു വഴി കണ്ടെത്തി. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നവർക്ക് രാജ്യത്തെ ഭൂമി വീതിച്ചു നൽകുമെന്ന് പ്രഖ്യാപിച്ചു. ധീരന്മാരും യുദ്ധവീരന്മാരുമായ നിരവധി പ്രഭുക്കൾ ജനങ്ങളുടെ സംരക്ഷകരായി രംഗത്തു വന്നു. പ്രതിഫലമായി ലഭിച്ച ഭൂമി, തങ്ങളോട് കൂറു പുലർത്തിയവർക്കും സേവനങ്ങൾ നൽകാൻ തയാറായവർക്കും അവർ വീതിച്ചു നൽകി.*

*ഇങ്ങനെ ഭൂമി ലഭിച്ചവർ അതേ വ്യവസ്ഥയിൽ മറ്റുചിലർക്ക് ഭൂമി കൈമാറി. ഇത്തരത്തിൽ വിതരണം ചെയ്ത ഭൂമിയിൽ കർഷകരെക്കൊണ്ട് പകലന്തിയോളം ജോലി ചെയ്യിച്ചു. അടിമകളുടേതിനു തുല്യമായിരുന്നു കർഷകരുടെ ജീവിതം.*

സി.ഇ. അഞ്ചാം നൂറ്റാണ്ടു മുതൽ പതിനഞ്ചാം നൂറ്റാണ്ടു വരെയുള്ള യൂറോപ്പിന്റെ ചരിത്രത്തെ സംബന്ധിച്ച് ചില സൂചനകൾ നൽകുന്ന വിവരണമാണ് മുകളിൽ തന്നിട്ടുള്ളത്. ഈ കാലഘട്ടം ലോകചരിത്രത്തിൽ മധ്യകാലം എന്നറിയപ്പെടുന്നു. മധ്യകാല ഇന്ത്യയുടെ ചരിത്രമാണല്ലോ മുൻ അധ്യായങ്ങളിൽ ചർച്ചചെയ്തത്. മധ്യകാല യൂറോപ്പിന്റെ ചരിത്രം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങൾ മുകളിൽ നൽകിയ വിവരണത്തിൽനിന്നു മനസ്സിലാക്കാം?

- യൂറോപ്പിലെ ജനങ്ങൾ നിരന്തരം ആക്രമണങ്ങൾ നേരിട്ടിരുന്നു.
- ആക്രമണങ്ങളെ ചെറുക്കാൻ രംഗത്തു വന്ന പ്രഭുക്കന്മാർക്ക് രാജാവ് ഭൂമി വീതിച്ചു നൽകിയിരുന്നു.
- 
- 

താഴെ തന്നിരിക്കുന്ന ഡയഗ്രത്തിൽനിന്ന് മധ്യകാല യൂറോപ്യൻ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ പരിചയപ്പെടാം.




ഈ സമൂഹത്തിൽ ഏറ്റവും ഉയർന്ന സ്ഥാനം രാജാവിനായിരുന്നു. രാജ്യത്തെ മുഴുവൻ ഭൂമിയുടെയും ഉടമസ്ഥൻ രാജാവായിരുന്നു. രാജാവ് ഭൂമി പ്രഭുക്കന്മാർക്ക് നൽകി. ഇതിനു പകരമായി പ്രഭുക്കന്മാർ രാജാവിന് സൈനികസേവനം നൽകി. ഓരോ പ്രഭുവും തനിക്ക് ലഭിച്ച ഭൂമിയുടെ ഒരു ഭാഗം ഇടപ്രഭുക്കൻമാർ എന്ന മറ്റൊരു

വിഭാഗത്തിനു നൽകി. പകരം പ്രഭുക്കൻമാർ അവരിൽനിന്ന് സേവനങ്ങൾ ആവശ്യപ്പെട്ടു. ഇത്തരത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശം അടിസ്ഥാനമാക്കി മധ്യകാല യൂറോപ്പിൽ രൂപപ്പെട്ട സാമൂഹ്യവ്യവസ്ഥിതിയെ ഫ്യൂഡലിസം എന്നു വിളിക്കുന്നു.


ഫ്യൂഡൽ സമൂഹത്തിന്റെ ഏറ്റവും താഴേ തട്ടിലുള്ളവർ കർഷകരായിരുന്നു. സമൂഹത്തിൽ ഏറ്റവും കൂടുതലുള്ള വിഭാഗവും അവരായിരുന്നു. പ്രഭുക്കന്മാരുടെ കൃഷിയിടങ്ങളിലും വീടുകളിലും ജോലി ചെയ്യാൻ ഇവർ നിർബന്ധിതരായിരുന്നു.

പ്രഭുക്കൻമാരുടെ കൈവശമുണ്ടായിരുന്ന വിശാലമായ പ്രദേശങ്ങളെ 'മാനർ' (Manor) എന്നാണ് വിളിച്ചിരുന്നത്. ഓരോ മാനറിലും കൃഷിഭൂമിക്ക് പുറമെ മേച്ചിൽ സ്ഥലങ്ങൾ, പ്രഭുവിന്റെ വലിയ വീട്, മില്ലുകൾ, കർഷകരുടെ കുടിലുകൾ, പ്രാർഥനാലയം തുടങ്ങിയവ ഉണ്ടായിരുന്നു.



**ഫ്യൂഡലിസം**

'ഫ്യൂഡ്' എന്ന ജർമൻ പദത്തിൽനിന്നാണ് ഫ്യൂഡലിസം എന്ന പദം രൂപപ്പെട്ടത്. ഫ്യൂഡ് എന്നാൽ 'ഒരു തുണ്ട് ഭൂമി' എന്നാണ് അർത്ഥം.



ഫ്യൂഡൽ സമൂഹത്തിലെ കർഷകരുടെ അവസ്ഥ ചർച്ച ചെയ്ത് കുറിപ്പ് തയാറാക്കുക.

## നഗരങ്ങൾ, കച്ചവടം, കച്ചവട കൂട്ടായ്മകൾ

ഫ്യൂഡലിസം നിലനിന്ന മധ്യകാലഘട്ടത്തിന്റെ തുടക്കത്തിൽ കച്ചവടത്തിന് വലിയ പ്രാധാന്യമില്ലായിരുന്നു. മാനറുകളിലെ ഉല്പന്നങ്ങൾ അവിടെത്തന്നെ വിനിയോഗിച്ചു. ഓരോ പ്രദേശത്തും സംഘടിപ്പിക്കപ്പെട്ട ചന്തകളിലൂടെയാണ് ഉല്പന്നങ്ങളും കാർഷികോപകരണങ്ങളും വിനിമയം ചെയ്തത്.

സി.ഇ. പതിനൊന്നാം നൂറ്റാണ്ടോടെ യൂറോപ്പിൽ നിരവധി പുതിയ നഗരങ്ങൾ വളർന്നുവന്നു. കച്ചവടപ്രാധാന്യമുള്ള സ്ഥലങ്ങളും കരകൗശല വ്യവസായകേന്ദ്രങ്ങളുമാണ് നഗരങ്ങളായി മാറിയത്. തുറമുഖങ്ങളെ കേന്ദ്രീകരിച്ചും ചില നഗരങ്ങൾ ഉയർന്നുവന്നു. ഇറ്റലിയിൽ ആയിരുന്നു ഇത്തരത്തിലുള്ള പുതിയ നഗരങ്ങൾ ആദ്യം രൂപപ്പെട്ടത്. ഏഷ്യൻ രാജ്യങ്ങളുമായും പടിഞ്ഞാറൻ യൂറോപ്യൻ

രാജ്യങ്ങളുമായും ഇറ്റലിയിലെ നഗരങ്ങൾ കച്ചവടം നടത്തിയിരുന്നു. വെനീസ്, മിലാൻ, ഫ്ളോറൻസ്, ജെനോവ എന്നിവയായിരുന്നു ഇറ്റലിയിലെ പ്രധാന നഗരങ്ങൾ. ന്യൂറംബർഗ്(ജർമ്മനി), കോൺസ്റ്റാന്റി നോപ്പിൾ (തുർക്കി) എന്നിവയും അക്കാലത്തെ പ്രധാന നഗരങ്ങളായിരുന്നു. ഇന്ത്യ, ചൈന തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ, രത്നങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയവ പ്രധാനമായും എത്തിയത് ഈ നഗരങ്ങളിലേക്കായിരുന്നു. അവിടെ നിന്നാണ് മറ്റു യൂറോപ്യൻ രാജ്യങ്ങളിലേക്ക് ഈ ഉല്പന്നങ്ങൾ കൊണ്ടുപോയത്.

മധ്യകാലഘട്ടത്തിൽ ഉയർന്നുവന്ന മിക്ക നഗരങ്ങൾക്കും സ്വന്തമായ ഭരണസംവിധാനമുണ്ടായിരുന്നു. ഓരോ നഗരവും വലിയ ചുറ്റുമതിലുകളാൽ സംരക്ഷിക്കപ്പെട്ടിരുന്നു. ശുചീകരണകാര്യത്തിൽ വളരെ പിന്നോക്കമായിരുന്നതിനാൽ ഇത്തരം നഗരങ്ങൾ പ്ലേഗ് പോലുള്ള



മധ്യകാല യൂറോപ്പിൽ നഗരങ്ങൾ വളർന്നുവന്നതെങ്ങനെയെന്ന് വിശകലനം ചെയ്യുക.




## കറുത്തമരണം

***"രാവിലെ ഉറ്റവരോടൊപ്പം പ്രാതൽ കഴിച്ച് രാത്രി പരലോകത്ത് പൂർവികരോടൊപ്പം അത്താഴം കഴിക്കേണ്ടിവന്ന എത്രയെത്ര ധീരരായ പുരുഷന്മാരും സുന്ദരികളായ സ്ത്രീകളും.....***

***രോഗബാധിതരായ പതിനായിരങ്ങൾ ശുശ്രൂഷിക്കാനാളില്ലാതെ നിരാശ്രയരായി മരിച്ചുവീഴുന്നു. ചിലർ പാതയോരങ്ങളിൽ ജീവൻവെടിഞ്ഞപ്പോൾ മറ്റു ചിലരാകട്ടെ, സ്വന്തം വീടുകളിൽ അന്ത്യശ്വാസം വലിച്ചു. ജീർണിച്ച മൃതശരീരങ്ങളിൽനിന്നു വമിച്ച ദുർഗന്ധത്തിൽ നിന്നായിരുന്നു വീടുകളിൽ ആളുകൾ മരിച്ചുകിടക്കുന്ന വിവരം പുറംലോകം അറിഞ്ഞത്. സെമിത്തേരിയിൽ സംസ്കരിക്കാൻ കഴിയാതെ ശവശരീരങ്ങൾ കൂമ്പാരങ്ങളായി കിടന്നു".***

***ബൊക്കാച്ചിയോ-ദക്കാമറൺ***

മധ്യകാല നഗരങ്ങൾ നേരിട്ട ഏറ്റവും വലിയ ഭീഷണിയായിരുന്നു പ്ലേഗ് എന്ന രോഗം. പ്ലേഗ് ബാധിച്ച ഒരു നഗരത്തിന്റെ ചിത്രമാണ് ബൊക്കാച്ചിയോ നൽകുന്നത്. തുറമുഖനഗരങ്ങളായിരുന്നു പ്ലേഗിന്റെ ഭീഷണി പ്രധാനമായും നേരിട്ടത്. കപ്പലുകളിൽ ചരക്കുകൾക്കൊപ്പം എത്തിച്ചേർന്ന എലികളായിരുന്നു പ്ലേഗ് പരത്തിയത്. ആയിരക്കണക്കിനാളുകളുടെ മരണത്തിനിടയാക്കിയ പ്ലേഗ് അന്ന് 'കറുത്ത മരണം' (Black death) എന്നാണ് അറിയപ്പെട്ടത്. സി.ഇ. 1300 ൽ 73 ദശലക്ഷമുണ്ടായിരുന്ന യൂറോപ്പിലെ ജനസംഖ്യ ഒരു നൂറ്റാണ്ടു കഴിഞ്ഞപ്പോൾ 45 ദശലക്ഷമായി കുറഞ്ഞു.




മധ്യകാല യൂറോപ്യൻ നഗരങ്ങൾ

പകർച്ചവ്യാധികളുടെ ഭീഷണിയിലായി.

ഭൂപടം നിരീക്ഷിച്ച് മധ്യകാലഘട്ടത്തിൽ വളർന്നുവന്ന നഗരങ്ങൾ ഏതെല്ലാം രാജ്യങ്ങളിലായിരുന്നുവെന്ന് കണ്ടെത്തി എഴുതുക.

- 
- 
- 

യൂറോപ്പിൽ പുതുതായി വളർന്നുവന്ന നഗരങ്ങൾ കരകൗശല വ്യവസായത്തിന്റെയും കച്ചവടത്തിന്റെയും കേന്ദ്രങ്ങളായിരുന്നു. ഈ നഗരങ്ങളിലെ കച്ചവടക്കാർ 'ഗിൽഡുകൾ' എന്നറിയപ്പെടുന്ന കൂട്ടായ്മകൾ രൂപീകരിച്ചു. കച്ചവടക്കാർക്ക് പുറമെ ഇരുമ്പു പണിക്കാർ, സ്വർണപ്പണിക്കാർ, തുകൽപ്പണിക്കാർ, മരപ്പണിക്കാർ

എന്നിവരും ഗിൽഡുകൾ രൂപീകരിച്ചിരുന്നു. വിവിധതരം ഉല്പന്ന ങ്ങളുടെ വില, ഗുണനിലവാരം, തൊഴിലാളികളുടെ ജോലിസമയം എന്നിവ നിശ്ചയിച്ചത് ഗിൽഡുകളായിരുന്നു.

മധ്യകാല യൂറോപ്പിലെ സാമ്പത്തികജീവിതത്തിൽ ഗിൽഡുകൾക്കുള്ള പ്രാധാന്യം വിലയിരുത്തുക.

## വിജ്ഞാനവും കലയും മധ്യകാലയൂറോപ്പിൽ

മധ്യകാല യൂറോപ്പിൽ വിജ്ഞാനം, കല എന്നീ മേഖലകളിൽ ശ്രദ്ധേയമായ പുരോഗതിയുണ്ടായി. ക്രിസ്ത്യൻ പള്ളികളും സന്ന്യാസിമഠങ്ങളും ആയിരുന്നു വിദ്യാഭ്യാസത്തിന്റെ പ്രധാന കേന്ദ്രങ്ങൾ. സന്ന്യാസിമഠങ്ങളോടനുബന്ധിച്ച് ലൈബ്രറികൾ ഉണ്ടായിരുന്നു. അച്ചടി സമ്പ്രദായം ഇല്ലാതിരുന്ന അക്കാലത്ത് പല പുസ്തകങ്ങളുടെയും കൈയെഴുത്ത് പ്രതികൾ ഉണ്ടാക്കി സന്ന്യാസിമഠങ്ങളിൽ സൂക്ഷിച്ചിരുന്നു.



കൈയെഴുത്തു പ്രതികൾ തയാറാക്കുന്നു (ചിത്രകാരന്റെ ഭാവനയിൽ)

മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിരവധി സർവകലാശാലകൾ ഉണ്ടായിരുന്നു. വിജ്ഞാനത്തിന്റെ കേന്ദ്രങ്ങളായിരുന്നു അവ. പട്ടിക പരിശോധിച്ച് അവ ഏതൊക്കെയാണെന്ന് കണ്ടെത്തൂ.

### സർവകലാശാലകൾ

**ഇറ്റലി**
- പാവിയ
- പാദുവ

**സ്പെയിൻ**
- പാർമ
- കൊർദോവ

**ഫ്രാൻസ്**
- പാരീസ്
- ടുലോസ്

**ഇംഗ്ലണ്ട്**
- ഓക്സ്ഫോഡ്
- കേംബ്രിഡ്ജ്

മധ്യകാലഘട്ടത്തിൽ നിർമിച്ച ക്രിസ്ത്യൻ പള്ളികൾ അക്കാലത്തെ വാസ്തുവിദ്യാ രംഗത്തെ നേട്ടങ്ങൾക്ക് ഉദാഹരണമാണ്. കമാനങ്ങളും വിശാലമായമുറികളും അക്കാലത്ത് നിർമിച്ച പള്ളികളുടെ പ്രത്യേകതകളാണ്. റോമനസ്ക് ശൈലി എന്നാണ് ഈ നിർമാണരീതി അറിയപ്പെടുന്നത്. സി.ഇ. പന്ത്രണ്ടാം നൂറ്റാണ്ടോടെ ഗോഥിക് എന്നറിയപ്പെടുന്ന ഒരു പുതിയ നിർമാണശൈലി നിലവിൽ വന്നു. കൂർത്ത ഗോപുരങ്ങൾ ഈ ശൈലിയുടെ സവിശേഷതയാണ്.


റോമനസ്ക് ശൈലി


ഗോഥിക് ശൈലി

## മധ്യകാല ചൈനയും അറബ്ലോകവും

മധ്യകാല യൂറോപ്പിനെക്കുറിച്ചാണല്ലോ നാം ഇതുവരെ ചർച്ച ചെയ്തത്. മധ്യകാലഘട്ടത്തിൽ വിജ്ഞാനത്തിന്റെയും കലയുടെയും മേഖലയിൽ ശ്രദ്ധേയമായ സംഭാവനകൾ നൽകിയവരാണ് ചൈനക്കാരും അറബികളും.

KT 629-3/Soci.Science-6-(M)-Vol-II

അച്ചടിയന്ത്രം, വെടിമരുന്ന് എന്നിവ ചൈനക്കാരുടെ കണ്ടുപിടിത്തങ്ങളാണ്. ഇവ ചൈനക്കാരിൽ നിന്നാണ് യൂറോപ്യർ മനസ്സിലാക്കിയത്. അച്ചടിവിദ്യ വിജ്ഞാനത്തിന്റെ വളർച്ചയെ സഹായിച്ചു. കടൽയാത്രകളിൽ ദിശ മനസ്സിലാക്കാൻ സഹായിക്കുന്ന വടക്കുനോക്കിയന്ത്രവും ചൈനക്കാരുടെ കണ്ടുപിടിത്തമാണ്. വാസ്തുവിദ്യാരംഗത്തും ചൈനക്കാർ വിദഗ്ധരായിരുന്നു. 'പഗോഡകൾ' എന്നറിയപ്പെടുന്ന ബുദ്ധദേവാലയങ്ങൾ അവരുടെ നിർമാണവൈഭവത്തിന് തെളിവാണ്.



ചൈനീസ് പഗോഡ



പ്രാചീന അച്ചടിയന്ത്രം

ശാസ്ത്ര–സാങ്കേതിക–കലാരംഗങ്ങളിലെ മധ്യകാല ചൈനയുടെ നേട്ടങ്ങൾ ഉൾപ്പെടുത്തി പദസൂര്യൻ പൂർത്തിയാക്കുക.

അച്ചടിയന്ത്രം


മധ്യകാല ചൈന

ശാസ്ത്രം, സാഹിത്യം എന്നീ രംഗങ്ങളിലായിരുന്നു അറബികളുടെ പ്രധാന സംഭാവന. അൽറാസി, ഇബ്ൻസിന എന്നിവർ വൈദ്യശാസ്ത്രരംഗത്തെ പ്രതിഭകളായിരുന്നു. അൽറാസി രചിച്ച വൈദ്യശാസ്ത്രഗ്രന്ഥമാണ് കിത്താബുൽ ഹവെ. ഇബ്ൻസിന രചിച്ച പുസ്തകമാണ് അൽ-ഖാനൂൻ.


ഒമർഖയാം രചിച്ച 'റുബായിയ്യാത്ത്', ഫിർദൗസിയുടെ 'ഷാഹ്നാമ' എന്നിവ അക്കാലത്തെ പ്രധാന സാഹിത്യസൃഷ്ടികളാണ്. പ്രശസ്തമായ 'ആയിരത്തൊന്നു രാവുകൾ' അറബികളുടെ മറ്റൊരു സാഹിത്യസംഭാവനയാണ്.

പുരാതന ഇന്ത്യ ശാസ്ത്ര-സാങ്കേതിരംഗങ്ങളിൽ കൈവരിച്ച പല നേട്ടങ്ങളും അറബികൾ മനസ്സിലാക്കുകയും അവരിലൂടെ അത് യൂറോപ്പിലേക്ക് എത്തുകയും ചെയ്തു. ഉദാഹരണം പൂജ്യം, ദശാംശസമ്പ്രദായം തുടങ്ങിയവ.

ശാസ്ത്ര-സാഹിത്യരംഗങ്ങളിലെ അറബികളുടെ സംഭാവനകൾ ഉൾക്കൊള്ളിച്ച് ചുവടെ തന്നിട്ടുള്ള ഡയഗ്രം പൂർത്തിയാക്കുക



മധ്യകാലഘട്ടത്തിലെ യൂറോപ്പിന്റെയും ചൈനയുടെയും അറബ് ലോകത്തിന്റെയും ചില പ്രധാന സവിശേഷതകളാണ് ഈ പാഠഭാഗത്ത് ചർച്ചചെയ്തത്. മധ്യകാലഘട്ടത്തിന്റെ അവസാനത്തോടെ കച്ചവടം ശക്തിപ്പെടുകയും കച്ചവടബന്ധങ്ങളിലൂടെ സാംസ്കാരിക-വിജ്ഞാനമേഖലകളിലെ പുരോഗതി മറ്റു പ്രദേശങ്ങളിലേക്ക് എത്തിച്ചേരുകയും ചെയ്തു.




## സംഗ്രഹം

- മധ്യകാലയൂറോപ്പിൽ രൂപപ്പെട്ട സാമൂഹ്യ-സാമ്പത്തിക രാഷ്ട്രീയ വ്യവസ്ഥയാണു ഫ്യൂഡലിസം.
- ഫ്യൂഡൽ സാമൂഹ്യശ്രേണിയിലെ ഏറ്റവും മുകൾത്തട്ടിൽ രാജാവും താഴേത്തട്ടിൽ കർഷകരുമായിരുന്നു.
- സി.ഇ. പതിനൊന്നാം നൂറ്റാണ്ടോടെ യൂറോപ്പിൽ നിരവധി നഗരങ്ങൾ ഉയർന്നുവന്നു.
- കച്ചവടത്തിന്റെ വളർച്ചയായിരുന്നു നഗരങ്ങളുടെ ആവിർഭാവത്തിന്റെ പ്രധാന കാരണം.
- മധ്യകാലഘട്ടത്തിലെ കച്ചവടക്കാരുടെയും കരകൗശലത്തൊഴിലാളികളുടെയും കൂട്ടായ്മകളാണു ഗിൽഡുകൾ.

- മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നിരവധി സർവകലാശാലകൾ നിലവിൽ വന്നു.
- ശാസ്ത്ര-സാഹിത്യ മേഖലകളിൽ ലോകസംസ്കാരത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയവരാണ് ചൈനക്കാരും അറബികളും.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- ഫ്യൂഡൽ വ്യവസ്ഥയുടെ പ്രധാന സവിശേഷതകൾ വിശദീകരിക്കുന്നു.
- മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ നഗരങ്ങൾ ഉയർന്നുവരാൻ ഇടയായ പശ്ചാത്തലം വിശദീകരിക്കുന്നു.
- മധ്യകാലഘട്ടത്തിൽ യൂറോപ്പിൽ വളർന്നുവന്ന നഗരങ്ങൾ പട്ടികപ്പെടുത്തുന്നു.
- വിദ്യാഭ്യാസരംഗത്ത് മധ്യകാലഘട്ടത്തിലുണ്ടായ പുരോഗതി വിശദമാക്കുന്നു.
- മധ്യകാലഘട്ടത്തിലെ ചൈനക്കാരുടെയും അറബികളുടെയും സാംസ്കാരികനേട്ടങ്ങൾ തിരിച്ചറിയുന്നു.

## വിലയിരുത്താം

- ഫ്യൂഡൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ ഏതൊക്കെയായിരുന്നു?
- ഫ്യൂഡൽ സാമൂഹിക വ്യവസ്ഥയിലെ കർഷകരുടെ സ്ഥിതി പരിശോധിക്കുക.
- മധ്യകാലഘട്ടത്തിൽ നഗരങ്ങൾ ഉയർന്നുവന്നതിൽ കച്ചവടത്തിന്റെ പങ്ക് വിശകലനം ചെയ്യുക.
- മധ്യകാലഘട്ടത്തിൽ നിർമിക്കപ്പെട്ട പള്ളികളുടെ പ്രധാന സവിശേഷതകൾ എന്തൊക്കെയാണ്?
- ശാസ്ത്ര - സാഹിത്യരംഗങ്ങളിലെ അറബികളുടെ നേട്ടങ്ങൾ വിശദീകരിക്കുക.

- ശാസ്ത്ര - സാങ്കേതിക രംഗങ്ങളിലെ ചൈനക്കാരുടെ സംഭാവനകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- കോളം 'എ' യിൽ തന്നിട്ടുള്ളവയോട് യോജിക്കുന്നവ കോളം 'ബി'യിൽ നിന്ന് കണ്ടെത്തി എഴുതുക.

| എ | ബി |
|---|---|
| ഇറ്റലി | കൊർദോവ |
| ചൈന | ഷാഹ്നാമ |
| സ്പെയിൻ | ജനോവ |
| അൽറാസി | അച്ചടിവിദ്യ |
| ഫിർദൗസി | കിത്താബുൽ ഹവെ |

## തുടർപ്രവർത്തനങ്ങൾ

- ഫ്യൂഡൽ സാമൂഹ്യശ്രേണിയിലെ വിവിധ വിഭാഗങ്ങളെയും അവരുടെ സവിശേഷതകളെയും സൂചിപ്പിക്കുന്ന ചാർട്ട് തയാറാക്കി സാമൂഹ്യശാസ്ത്രലാബിൽ പ്രദർശിപ്പിക്കുക.
- മധ്യകാലഘട്ടത്തിൽ ഉയർന്നു വന്ന നഗരങ്ങൾ സ്ഥിതി ചെയ്യുന്ന രാജ്യങ്ങൾ ലോകഭൂപടത്തിൽ കണ്ടെത്തി നിറം കൊടുക്കുക.
- നിങ്ങളുടെ ലൈബ്രറിയിൽ നിന്ന് ആയിരത്തൊന്നുരാവുകൾ ശേഖരിച്ച് വായിക്കുക.

## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| ഫ്യൂഡൽ സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ വേർതിരിച്ചറിയാൻ കഴിയും. | | | |
| ഫ്യൂഡൽ വ്യവസ്ഥയിലെ കർഷകരുടെ ദയനീയ സ്ഥിതി വിശകലനം ചെയ്യാൻ കഴിയും. | | | |
| മധ്യകാലഘട്ടത്തിൽ ഉയർന്നുവന്ന സർവകലാശാലകൾ പട്ടികപ്പെടുത്താൻ കഴിയും. | | | |
| ശാസ്ത്ര-സാഹിത്യരംഗങ്ങളിലെ അറബികളുടെയും ചൈനക്കാരുടെയും നേട്ടങ്ങൾ വിലയിരുത്താൻ കഴിയും. | | | |

9



# മധ്യകാല കേരളം

മധ്യകാല ഇന്ത്യയുടെ ചരിത്രം നാം മുൻ അധ്യായങ്ങളിൽ പരിചയപ്പെട്ടല്ലോ. ഈ കാലയളവിൽ കേരളത്തിലെ ജനജീവിതം എങ്ങനെയായിരുന്നു? സി.ഇ. ഒമ്പതാം നൂറ്റാണ്ട് മുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള മധ്യകാല കേരളത്തെപ്പറ്റി അറിവു തരുന്ന സുപ്രധാന രേഖകളാണ് ചെപ്പേടുകൾ. അത്തരം ചെപ്പേടുകളിലൊന്നാണ് ചിത്രത്തിൽ.



ജൂത ചെപ്പേട്

**ചെപ്പേടുകൾ**

ചെമ്പ് തകിടിൽ ആലേഖനം ചെയ്ത ലിഖിതങ്ങളെയാണ് ചെപ്പേടുകൾ എന്ന് വിളിക്കുന്നത്. നാടുവാഴികൾ ക്ഷേത്രങ്ങൾക്കും കച്ചവടസംഘങ്ങൾക്കും മറ്റും ചാർത്തിക്കൊടുത്ത അധികാരരേഖകൾ പ്രധാനമായും ചെപ്പേടുകളിലായിരുന്നു. ഉദാ: തെരിസാപ്പള്ളി ചെപ്പേട്, ജൂതചെപ്പേട്. ചില ചെപ്പേടുകളിൽ നാടുവാഴികളുടെ ഭരണവർഷം രേഖപ്പെടുത്തിയിട്ടുണ്ട്.

ഇതിൽ രേഖപ്പെടുത്തിയ എഴുത്ത് നിങ്ങൾക്ക് പരിചയമുള്ളതാണോ? വട്ടെഴുത്ത് എന്ന പഴയകാല ലിപിയിലാണ് ഇതെഴുതിയിരിക്കുന്നത്. മഹോദയപുരം ആസ്ഥാനമാക്കി മധ്യകാലഘട്ടത്തിൽ കേരളം ഭരിച്ചിരുന്ന ഭാസ്കരരവി അഞ്ചുവണ്ണമെന്ന കച്ചവട സംഘത്തിന് അനുവദിച്ചുകൊടുത്ത അവകാശങ്ങളാണ് ഈ രേഖയിലുള്ളത്.

എവിടെയായിരുന്നു മഹോദയപുരം?

അവിടുത്തെ മറ്റ് ഭരണാധികാരികൾ ആരൊക്കെയായിരുന്നു? അക്കാലത്തെ ജനജീവിതം എങ്ങനെയായിരുന്നു? നമുക്ക് അന്വേഷിക്കാം.

## പെരുമാക്കൾ

കേരളം ഉൾപ്പെടുന്ന പ്രാചീന തമിഴകത്തിൽ മൂവേന്തന്മാരുടെ ഭരണമാണ് നിലനിന്നിരുന്നത്. പ്രാചീന തമിഴകത്തെപ്പറ്റി മുൻ ക്ലാസിൽ നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടല്ലോ. സി.ഇ. ഒമ്പതാം നൂറ്റാണ്ടോടെ മഹോദയപുരം കേന്ദ്രമാക്കി രാജഭരണം നിലവിൽ വന്നു. ഇവിടത്തെ രാജാക്കന്മാർ പെരുമാക്കൾ എന്നറിയപ്പെട്ടു. ഇന്നത്തെ കൊടുങ്ങല്ലൂരും സമീപപ്രദേശങ്ങളുമാണ് മഹോദയപുരം എന്ന് അറിയപ്പെട്ടിരുന്നത്. പെരുമാക്കന്മാർ ചേരൻ, ചേരമാൻ തുടങ്ങിയ പേരുകളിലും അറിയപ്പെട്ടിരുന്നു. ചില ഭരണാധികാരികൾ കുലശേഖരൻ എന്ന സ്ഥാനപ്പേരും സ്വീകരിച്ചു.

ഇന്നത്തെ കേരളത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും പെരുമാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു.

- ഭൂപടത്തിൽ പെരുമാൾകാലത്തെ രാജ്യവിസ്തൃതി എവിടെയൊക്കെ വ്യാപിച്ചിരുന്നു എന്ന് നോക്കൂ. അവ വ്യാപിച്ചിരുന്ന നാടുകൾ പട്ടികയാക്കി എഴുതൂ.

## പെരുമാൾകാലത്തെ നാടുകൾ
## സി.ഇ.800-സി.ഇ.1122




വടക്ക് കോലത്തുനാടുമുതൽ തെക്ക് വേണാടുവരെ പെരുമാൾ ഭരണം വ്യാപിച്ചിരുന്നതായി കണ്ടല്ലോ.

പെരുമാൾകാലത്തെ സാമൂഹികവും സാമ്പത്തികവുമായ സവിശേഷതകൾ എന്തൊക്കെയാണെന്ന് നോക്കാം.

- ജലലഭ്യതയുള്ള പ്രദേശങ്ങളിൽ കൃഷി വ്യാപകമായി.
- കാർഷികഗ്രാമങ്ങളിൽ ബ്രാഹ്മണർ അധികാരം സ്ഥാപിച്ചു.
- ക്ഷേത്രങ്ങൾ അധികാരകേന്ദ്രങ്ങളായി വികസിച്ചുവന്നു.

- കൃഷിഭൂമിയുടെ ഉടമവസ്ഥാവകാശം ബ്രാഹ്മണർക്കായിരുന്നു.
- ഭൂമിയിൽ നേരിട്ട് അധ്വാനിച്ചിരുന്നവർ ആളടിയാന്മാരായിരുന്നു.

ഗ്രാമങ്ങളിൽ കൃഷിക്ക് പുറമെ വിവിധ തൊഴിൽ കൂട്ടങ്ങളുമുണ്ടായിരുന്നു. കൃഷി വളർന്നതോടെ നാടുകൾ ഉണ്ടായി. ഈ നാടുകൾ ഭരിച്ചിരുന്നവർ നാടുവാഴികൾ എന്നറിയപ്പെട്ടു.

## നാടുവാഴി സ്വരൂപങ്ങൾ


പന്ത്രണ്ടാം നൂറ്റാണ്ടോടെ പെരുമാൾ ഭരണം അവസാനിച്ചു. അതോടെ അവരുടെ കീഴിൽ ഭരണം നടത്തിയിരുന്ന നാടുവാഴികൾ അതതു നാടുകളിൽ സ്വന്തം നിലയ്ക്ക് ഭരണം ആരംഭിച്ചു.

നാടുവാഴികൾക്ക് കീഴിലുള്ള പ്രദേശങ്ങൾ സ്വരൂപങ്ങളെന്നറിയപ്പെട്ടു. നാടുവാഴികളുടെ കുടുംബവും സ്വരൂപം എന്ന പേരിൽ തന്നെയാണ് അറിയപ്പെട്ടത്.

കുടുംബത്തിലെ മൂത്ത അംഗമാണ് അധികാരം കൈയാളിയിരുന്നത്. വേണാട് ഭരിച്ചിരുന്ന തൃപ്പാപ്പൂർ സ്വരൂപം, കൊച്ചി ഭരിച്ചിരുന്ന പെരുമ്പടപ്പ് സ്വരൂപം, കോഴിക്കോട് ഭരിച്ചിരുന്ന നെടിയിരുപ്പ് സ്വരൂപം, ചിറക്കൽ ഭരിച്ചിരുന്ന കോലസ്വരൂപം എന്നിവയായിരുന്നു പ്രധാന സ്വരൂപങ്ങൾ.

നാടുകൾ തമ്മിൽ സമ്പത്തിലും സൈനികശക്തിയിലും വ്യത്യാസങ്ങളുണ്ടായിരുന്നു. ആധിപത്യത്തിനു വേണ്ടി നാടുവാഴികൾ പരസ്പരം പോരടിച്ചു.

പട്ടിക പൂർത്തിയാക്കുക.



## കച്ചവടം

മധ്യകാല കേരളത്തിൽ പുറംനാടുകളുമായുള്ള കച്ചവടവും പ്രാദേശിക കച്ചവടവും പുരോഗതി പ്രാപിച്ചിരുന്നു.

- എന്തൊക്കെ വിഭവങ്ങളാകും നമ്മുടെ ദേശത്തുനിന്നു കൈമാറ്റം ചെയ്തിട്ടുണ്ടാവുക?
  - ഏലം
  - ഇഞ്ചി
  -
  -

ഇതുപോലെ പുറംനാട്ടിലെ ഉല്പന്നങ്ങൾ ഇവിടത്തെ വിപണികളിലും എത്തിക്കാണുമല്ലോ. അവ ഏതൊക്കെയാണെന്ന് നോക്കൂ.

- കളിമൺപാത്രങ്ങൾ
- മീൻവലകൾ
- പട്ട്

തുടക്കത്തിൽ കച്ചവടം പ്രധാനമായും സാധനങ്ങൾക്ക് പകരം സാധനങ്ങൾ കൈമാറുന്ന രീതിയിലായിരുന്നു. പിന്നീട് നാണയം നൽകി സാധനങ്ങൾ വാങ്ങി. അഞ്ചുവണ്ണം, മണിഗ്രാമം തുടങ്ങിയ പേരുകളിൽ കച്ചവട സംഘങ്ങൾ അന്ന് നിലവിലുണ്ടായിരുന്നു. വ്യാപാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയ പെരുമാക്കന്മാർ കച്ചവടസംഘങ്ങൾക്ക് വേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. കച്ചവടച്ചുങ്കം അക്കാലത്തെ പ്രധാന വരുമാനമാർഗമായിരുന്നു.



**അഞ്ചുവണ്ണം, മണിഗ്രാമം**

സി.ഇ. 9 മുതൽ 13 വരെ നൂറ്റാണ്ടുകളിൽ കേരളത്തിൽ കച്ചവടം നടത്തിയ സംഘങ്ങളാണിവ. കേരളത്തിന്റെ കടൽത്തീര പട്ടണങ്ങളായിരുന്നു ഇവരുടെ പ്രധാന വ്യാപാരകേന്ദ്രങ്ങൾ.

## അങ്ങാടികൾ

അക്കാലത്ത് സമുദ്രവാണിജ്യത്തിൽ വലിയ പുരോഗതിയുണ്ടായി. കയറ്റുമതി ചെയ്തിരുന്ന ഉല്പന്നങ്ങളുടെ ആവശ്യം വർധിച്ചു. ഉൾനാടുകളിൽ ഇത്തരം ഉല്പന്നങ്ങളുടെ കൃഷി വ്യാപിച്ചു. ഗ്രാമങ്ങളിൽ ഉല്പാദിപ്പിക്കുന്ന വിഭവങ്ങൾ അങ്ങാടികളിൽ കൊണ്ടുവന്ന് കൈമാറി.

അങ്ങാടികളുടെ വളർച്ച പ്രാദേശിക കച്ചവടം ശക്തിപ്പെടുന്നതിന് സഹായകമായി.



അനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, പന്തലായനി തുടങ്ങിയവയാണ് അന്നത്തെ പ്രധാന അങ്ങാടികൾ. കൊല്ലം, കൊച്ചി, കോഴിക്കോട്, വളപട്ടണം തുടങ്ങിയവ പ്രധാന തുറമുഖങ്ങളുമായിരുന്നു.

- കേരളത്തിന്റെ ഭൂപടത്തിൽ മേൽപ്പറഞ്ഞ തുറമുഖങ്ങളുടെ സ്ഥാനം എവിടെയൊക്കെയാണെന്ന് കണ്ടെത്തൂ.

കരവഴിയും കടൽവഴിയും അങ്ങാടികളിൽ എത്തിയ ഉല്പന്നങ്ങൾ ഏതൊക്കെയായിരുന്നു? മണിപ്രവാളകൃതിയായ 'ഉണ്ണുനീലിസന്ദേശ'ത്തിൽ വിവരിക്കുന്നത് നോക്കൂ.

**മണിപ്രവാളം**

മധ്യകാലഘട്ടത്തിൽ സംസ്കൃതവും പഴയ മലയാളഭാഷയും ചേർന്ന് ഒരു ഭാഷാശൈലി രൂപംകൊണ്ടു. അത് മണിപ്രവാളരീതിയെന്ന് അറിയപ്പെടുന്നു. നിരവധി ഗ്രന്ഥങ്ങൾ ഈ ശൈലിയിൽ രചിക്കപ്പെട്ടു.

തട്ടും കട്ടിൽ കയറുവല കൈക്കട്ടിൽ മഞ്ചട്ടികൊട്ടം
മൊട്ടും മുട്ടിൽക്കരയുമരിയും പെട്ടിയും പട്ടുനൂലും
ആടും ചാടും കുടയുമടയും പഞ്ഞിയും മുഞ്ഞിവേരും
നൂറും ചോറും ചുറയുമറയും കാരിരിമ്പും കരിമ്പും

- അങ്ങാടിയിൽ നിന്നു അക്കാലത്ത് ലഭിച്ചിരുന്ന സാധനങ്ങൾ എന്തെല്ലാം? പട്ടികപ്പെടുത്തൂ.
- അവ ഇന്നും നിങ്ങളുടെ നാട്ടിലുണ്ടോ?

മുൻ അധ്യായത്തിൽ പല സഞ്ചാരികളും വ്യാപാരത്തെപ്പറ്റി വിവരിച്ചതോർക്കുമല്ലോ.

പതിനഞ്ചാം നൂറ്റാണ്ടിൽ കേരളത്തിലെത്തിയ മാഹ്വാൻ എന്ന ചൈനീസ് സഞ്ചാരി കോഴിക്കോട് തുറമുഖത്തെയും അവിടത്തെ കച്ചവടത്തെയുംപറ്റി വിവരിച്ചത് നോക്കൂ.

***"ചൈനയിൽ നിന്ന് ഒരു കപ്പലെത്തുമ്പോൾ രാജാവിന്റെ പ്രതിനിധിയായ ഷാബന്ദർകോയയും ഒരു ദല്ലാളും കപ്പലിലെത്തും. കപ്പലിലെ വസ്തുക്കളുടെ പട്ടിക തയാറാക്കി ചരക്കുവില കണക്കാക്കാൻ ഒരു ദിവസം നിശ്ചയിക്കും. ആദ്യം പട്ടുവസ്ത്രങ്ങൾ... വില നിശ്ചയിച്ചുകഴിഞ്ഞാൽ പ്രതിജ്ഞയെടുക്കുമായിരുന്നു: നിങ്ങളുടെ ചരക്കുകളുടെ വില ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നു. ഒരു കാരണവശാലും അതിൽ മാറ്റങ്ങൾ വരുത്തുവാൻ പാടുള്ളതല്ല".***

ഇങ്ങനെ ദല്ലാളന്മാർ ഉറപ്പിക്കുന്ന വിലയ്ക്കാണ് വസ്തുക്കൾ കൈമാറ്റം ചെയ്തിരുന്നത്.



**മാഹ്വാന്റെ വിവരണത്തിൽ നിന്നു കോഴിക്കോട്ടെ കച്ചവടത്തെക്കുറിച്ച് എന്തെല്ലാം വിവരങ്ങൾ ലഭിക്കും? കുറിപ്പ് തയാറാക്കൂ.**

## ഭാഷ, സാഹിത്യം, കല

'ഉണ്ണുനീലിസന്ദേശ'ത്തിലെ ചില വരികൾ നിങ്ങൾ വായിച്ചല്ലോ. ഈ സാഹിത്യം രൂപപ്പെട്ടത് എപ്പോഴാണ്? കേരളക്കരയിൽ പ്രാചീന കാലം തൊട്ട് മലയാളഭാഷ നിലവിലുണ്ടായിരുന്നോ?

- കേരളം മലയാളദേശം എന്നും അറിയപ്പെടാറുണ്ടല്ലോ. എന്തുകൊണ്ടാകും ഈ പേരു വന്നത്? ചർച്ചചെയ്യൂ.

മലയാളം തമിഴിൽനിന്നു രൂപപ്പെട്ടുവന്ന ഭാഷയാണെന്ന് പൊതുവെ കരുതപ്പെടുന്നു. സംസ്കൃതവും മലയാളഭാഷയുടെ വികാസത്തിൽ ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വട്ടെഴുത്ത്, കോലെഴുത്ത് എന്നീ ലിപികളിലാണ് പഴയ മലയാളം എഴുതിയിരുന്നത്. വട്ടെഴുത്തിലെഴുതിയ ജൂതചെപ്പേട് കണ്ടതോർക്കുന്നുണ്ടല്ലോ.

ചെറുശ്ശേരിയുടെ കൃഷ്ണഗാഥ, എഴുത്തച്ഛന്റെ രാമായണം, മഹാഭാരതം കിളിപ്പാട്ടുകൾ കുഞ്ചൻനമ്പ്യാരുടെ തുള്ളൽ കൃതികൾ എന്നിവ മലയാളഭാഷയുടെ വികാസത്തിന് വഴിതെളിച്ചു.

പതിനേഴാം നൂറ്റാണ്ടിൽ ഖാസി മുഹമ്മദ് അറബിമലയാളത്തിൽ രചിച്ച 'മുഹിയിദ്ദീൻ മാല'യും പതിനെട്ടാം നൂറ്റാണ്ടിൽ അർണോസു പാതിരി രചിച്ച 'പുത്തൻപാന'യും മലയാളഭാഷയുടെ പുരോഗതിക്ക് സഹായകമായി. ഇവയ്ക്കുപുറമെ വടക്കൻപാട്ടുകൾ, തെക്കൻപാട്ടുകൾ, തൊഴിൽപ്പാട്ട്, എന്നിവയും മലയാളഭാഷയെ കൂടുതൽ ജനകീയമാക്കി.

**അറബിമലയാളം**

കേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു സങ്കരഭാഷയാണ് അറബി മലയാളം. അറബി ലിപിയായിരുന്നു ഇത് എഴുതാൻ ഉപയോഗിച്ചിരുന്നത്.

വിവിധതരം പാട്ടുകളിലെ വരികൾ ശേഖരിക്കൂ. ശേഖരിച്ചവ ക്ലാസിൽ അവതരിപ്പിക്കൂ.



- മുകളിൽ നൽകിയ ചിത്രങ്ങൾ ശ്രദ്ധിക്കൂ. ഏതെല്ലാം കലാരൂപങ്ങളാണവ എന്നു പറയാമോ?

മധ്യകാല കേരളത്തിൽ വികാസം പ്രാപിച്ച കലാരൂപങ്ങളിൽ ചിലതാണിവ. ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നൃത്തം, സംഗീതം തുടങ്ങിയ കലകൾ വളർന്നുവന്നു.

കൂത്ത്, കൂടിയാട്ടം, കഥകളി തുടങ്ങിയ കലകൾ ക്ഷേത്രങ്ങളോടു ചേർന്ന കൂത്തമ്പലങ്ങളിലാണ് അരങ്ങേറിയിരുന്നത്. അവ ക്ഷേത്ര

കലകളായാണ് അറിയപ്പെടുന്നത്. കാവുകളിലും മറ്റ് ആരാധനായിടങ്ങളിലും നടത്തപ്പെടുന്ന തെയ്യം, തിറ, കളംപാട്ട് തുടങ്ങിയവ അനുഷ്ഠാനകലകളാണ്. അവ ക്ഷേത്രകലകളേക്കാൾ ജനകീയമായിരുന്നു.

- ക്ഷേത്രങ്ങളിൽ കലകൾ അരങ്ങേറുന്ന വേദി അറിയപ്പെടുന്നത് ഏതു പേരിലാണ്?
- അനുഷ്ഠാനകലകൾ ജനകീയമായിരുന്നെന്ന് പറയുന്നത് എന്തുകൊണ്ടാവും?

ഇവ കൂടാതെ വിവിധ മതവിഭാഗങ്ങളുടെ അനുഷ്ഠാനങ്ങളുടെയും ആഘോഷങ്ങളുടെയും ഭാഗമായി നടത്തിയിരുന്ന പല കലകളുമുണ്ടായിരുന്നു. ഒപ്പന, മാർഗംകളി, ചവിട്ടുനാടകം തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

## വിജ്ഞാനം

വൈജ്ഞാനിക മേഖലയിലും മധ്യകാല കേരളം മികച്ച പുരോഗതി കൈവരിച്ചിരുന്നു. പെരുമാൾകാലത്തെ പ്രധാന ജ്യോതിശ്ശാസ്ത്രജ്ഞനായിരുന്നു ശങ്കരനാരായണൻ. അദ്ദേഹം രചിച്ച ജ്യോതിശാസ്ത്രഗ്രന്ഥമാണ് 'ശങ്കരനാരയണീയം' . ഗണിതശാസ്ത്രരംഗത്ത് സംഗ്രാമമാധവൻ നൽകിയ സംഭാവനകൾ ലോകശ്രദ്ധ നേടി. ആയുർവേദഗ്രന്ഥമായ 'അഷ്ടാംഗഹൃദയം' എഴുതിയതും അക്കാലത്തായിരുന്നു. ചരിത്രവിവരങ്ങളടങ്ങിയ 'മൂഷകവംശ'വും 'തുഹഫത്തുൽ മുജാഹിദീ'നും മധ്യകാലഘട്ടത്തിലെ സൃഷ്ടികളാണ്.

അക്കാലത്തെ വിദ്യാകേന്ദ്രങ്ങൾ ശാലകൾ എന്നറിയപ്പെട്ടു. ഇവ ക്ഷേത്രങ്ങളോടനുബന്ധിച്ചായിരുന്നു പ്രവർത്തിച്ചിരുന്നത്. ബുദ്ധകേന്ദ്രങ്ങളോടു ചേർന്ന് വിദ്യാലയങ്ങളെ 'പള്ളികൾ' എന്നാണ് വിളിച്ചിരുന്നത്.



**ശാലകൾ**

- കാന്തളൂർശാല
- വിഴിഞ്ഞംശാല
- പാർഥിവശേഖരപുരം ശാല



വിജ്ഞാനരംഗത്തെ മധ്യകാലകേരളത്തിന്റെ സംഭാവനകൾ ഉൾക്കൊള്ളിച്ച് താഴെതന്നിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കുക.




പതിനെട്ടാം നൂറ്റാണ്ടോടെ വ്യത്യസ്തമായ സാമ്പത്തിക-സാമൂഹിക ക്രമങ്ങൾ കേരളത്തിൽ രൂപംകൊണ്ടു. ഇതോടൊപ്പം കേരളത്തിലെ ഭാഷ, കല, വിജ്ഞാനം എന്നിവയും തനതായ രൂപം കൈവരിച്ചു.

## സംഗ്രഹം

- മധ്യകാല കേരളത്തെപ്പറ്റി വിവരം തരുന്ന പ്രധാന തെളിവുകളിൽ ഒന്ന് ചെപ്പേടുകളാണ്.
- പെരുമാൾഭരണകാലത്താണ് കേരളം ഒരു പ്രത്യേക ഭരണമേഖലയായി വളർന്നത്.
- കൃഷിയും കച്ചവടവും പെരുമാൾകാലത്തെ സമ്പത്തിനടിസ്ഥാനമായി.
- പെരുമാൾഭരണം ക്ഷയിച്ചതോടെ നാടുവാഴികൾ ഭരണം ഏറ്റെടുത്തു.
- സ്വരൂപങ്ങളെന്നാണ് നാടുവാഴി ഭരണപ്രദേശങ്ങൾ അറിയപ്പെട്ടത്.

- ആഭ്യന്തര-വിദേശ വ്യാപാരം ശക്തിപ്പെടുകയും പുതിയ അങ്ങാടികളും തുറമുഖങ്ങളും വളർന്നുവരുകയും ചെയ്തു.
- മലയാളഭാഷ വികാസം പ്രാപിച്ചു.
- സാഹിത്യം, കല, വിജ്ഞാനം എന്നീ മേഖലകളിൽ പുരോഗതി കൈവരിച്ചു.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- മധ്യകാലകേരളത്തെക്കുറിച്ച് വിവരങ്ങൾ നൽകുന്ന പ്രധാന തെളിവ് ചെപ്പേടുകളാണെന്ന് തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- പെരുമാക്കന്മാരുടെ ഭരണം കേരളത്തെ ഒരു പ്രത്യേക മേഖലയായി വളർത്തിയെന്ന് കണ്ടെത്തി അവതരിപ്പിക്കുന്നു.
- ആഭ്യന്തര-തുറമുഖ കച്ചവടത്തിന്റെ വളർച്ച വിശകലനം ചെയ്യുന്നു.
- മലയാളഭാഷ, സാഹിത്യം, വിജ്ഞാനം എന്നീ രംഗങ്ങളിലെ പുരോഗതി വിശദീകരിക്കുന്നു.
- കേരളീയകലകളെ തിരിച്ചറിഞ്ഞ് അവ ആസ്വദിക്കാനുള്ള മനോഭാവം രൂപപ്പെടുന്നു.

## വിലയിരുത്താം

- പെരുമാൾകാലത്തെ സാമൂഹ്യജീവിതത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- കേരളത്തിലെ ഗ്രാമങ്ങളുടെ വളർച്ചയും കൃഷിയുടെ വ്യാപനവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? വിശദമാക്കുക.
- മധ്യകാലകേരളത്തിലെ ആഭ്യന്തര-തുറമുഖ കച്ചവടത്തെക്കുറിച്ച് കുറിപ്പ് തയാറാക്കുക.
- മധ്യകാലഘട്ടത്തിൽ കേരളത്തിൽനിന്നു കയറ്റുമതി ചെയ്തതും ഇവിടേക്ക് ഇറക്കുമതി ചെയ്തതുമായ ഉല്പന്നങ്ങളുടെ പട്ടിക തയാറാക്കുക.

- മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയെക്കുറിച്ച് ഒരു പ്രബന്ധം തയാറാക്കുക.
- വൈജ്ഞാനിക മേഖലയിൽ മധ്യകാലകേരളം കൈവരിച്ച നേട്ടങ്ങൾ സംബന്ധിച്ച് ഒരു കുറിപ്പ് തയാറാക്കുക.



## തുടർപ്രവർത്തനങ്ങൾ

- കേരളീയകലകളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയാറാക്കുക.

## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| പെരുമാൾഭരണകാലത്ത് കേരളം ഒരു പ്രത്യേക ഭരണമേഖലയായി വളർന്നു എന്ന ധാരണ നേടി. | | | |
| മധ്യകാലകേരളത്തിലെ കൃഷി, കച്ചവടം, വാണിജ്യം എന്നിവയുടെ പുരോഗതി തിരിച്ചറിയാൻ കഴിഞ്ഞു. | | | |
| പെരുമാൾ ഭരണത്തകർച്ചയോടെ നാടുവാഴികൾ അധികാരത്തിലെത്തിയത് വിലയിരുത്താൻ കഴിയും. | | | |
| മധ്യകാലഘട്ടത്തിൽ അങ്ങാടികളും തുറമുഖങ്ങളും വളർന്നുവന്ന പശ്ചാത്തലം വിശകലനം ചെയ്യും. | | | |
| സാഹിത്യം, കല, ഭാഷ എന്നീ മേഖലയിലുണ്ടായ പുരോഗതി വിശദീകരിക്കാൻ കഴിയും. | | | |

10



# ജനാധിപത്യവും അവകാശങ്ങളും

രാജ്യത്തെ എല്ലാ മേൽക്കോയ്മകൾക്കും
എതിരായിട്ടാണ് ഞാൻ പറയുകയും
പ്രവർത്തിക്കുകയും ചെയ്തിട്ടുള്ളത്.
സ്വാതന്ത്ര്യവും ജനാധിപത്യവും
സഹവർത്തിത്വവും സമത്വവുമുള്ള ഒരു
രാഷ്ട്രത്തിനുവേണ്ടിയാണു ഞാൻ
പടവെട്ടുന്നത്.
ഇതു നേടിയെടുക്കുകയാണെന്റെ ലക്ഷ്യം......
ജനാധിപത്യവ്യവസ്ഥയിൽ നിങ്ങളും ഞങ്ങളും
തുല്യരാവും.

നെൽസൺ മണ്ടേല

ദക്ഷിണാഫ്രിക്കയിലെ ജനാധിപത്യവിരുദ്ധ ഭരണകൂടത്തിനെതിരെ സമരം നയിച്ച നെൽസൺ മണ്ടേലയുടെ വാക്കുകൾ വായിച്ചല്ലോ. ഏതുതരം രാഷ്ട്രത്തിനുവേണ്ടിയാണ് മണ്ടേല പടപൊരുതിയത്? എല്ലാവരെയും തുല്യമായി

### നെൽസൺ മണ്ടേല



ദക്ഷിണാഫ്രിക്കയിലെ ട്രാൻസ്കോയി ഗ്രാമത്തിൽ കസോസ ഗോത്രവിഭാഗത്തിൽ 1918 ജൂലായ് 18 ന് ജനിച്ചു. ദക്ഷിണാഫ്രിക്കയിലെ നീഗ്രോ വംശജരുടെ അവകാശ സംരക്ഷണത്തിനുവേണ്ടി പോരാടി. ആഫ്രിക്കൻ നാഷണൽ കോൺഗ്രസിന്റെ മുൻനിര പോരാളിയായിരുന്നു അദ്ദേഹം. രാജ്യദ്രോഹക്കുറ്റം ചുമത്തി തടവിലാക്കപ്പെട്ട അദ്ദേഹത്തിന് ഇരുപത്തിയാറു വർഷവും ഏഴുമാസവും പത്തുദിവസവും ജയിലിൽ കഴിയേണ്ടി വന്നു. 1990 ഫെബ്രുവരി പതിനൊന്നിന് ജയിൽ മോചിതനായ അദ്ദേഹം 1994 മെയ് 10 ന് ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായി. 2013 ഡിസംബർ 5-ാം തീയതി 95-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.

പരിഗണിക്കുന്ന ജനാധിപത്യവ്യവസ്ഥയാണ് അദ്ദേഹം സ്വപ്നം കണ്ടത്. എന്താണ് ജനാധിപത്യമെന്ന് മുൻക്ലാസിൽ മനസ്സിലാക്കിയല്ലോ? ജനാധിപത്യവിരുദ്ധ ഗവൺമെന്റുകൾ എവിടെയൊക്കെ നിലനിന്നോ, അവിടെയൊക്കെ ജനാധിപത്യപ്രക്ഷോഭങ്ങളും ഉണ്ടായിട്ടുണ്ടെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ജനാധിപത്യ ഭരണക്രമത്തിനുവേണ്ടി നടന്ന സമരങ്ങളിൽ ശ്രദ്ധേയമായ ഒരു ഉദാഹരണം താഴെ തന്നിരിക്കുന്നു. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക വിപുലീകരിക്കുക.

- ഇന്ത്യയുടെ സ്വാതന്ത്ര്യസമരം
-
-
-

ജനാധിപത്യവ്യവസ്ഥയ്ക്ക് വലിയ സ്വീകാര്യത ലഭിക്കുമ്പോൾ തന്നെ വിവിധ രാജ്യങ്ങളിൽ ജനാധിപത്യേതര ഗവൺമെന്റുകൾ നിലനിൽക്കുന്നു. എന്തെല്ലാം സവിശേഷതകളാണ് ജനാധിപത്യ ഗവൺമെന്റുകളെ മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമാക്കുന്നത്? എന്തൊക്കെ ഭരണക്രമങ്ങളാണ് ലോകത്ത് നിലനിൽക്കുന്നത്? തന്നിരിക്കുന്ന വാർത്താതലക്കെട്ടുകൾ നിരീക്ഷിക്കൂ.




വാർത്തകളിൽ നൽകിയിരിക്കുന്ന രാജ്യങ്ങളെയും അവിടെ നിലനിൽക്കുന്ന ഗവൺമെന്റുകളെയും നമുക്ക് താഴെപറയും പ്രകാരം ക്രമീകരിക്കാം.

| രാജ്യം | ഗവൺമെന്റിന്റെ രൂപം |
|---|---|
| ഭൂട്ടാൻ | ഭരണഘടനാപരമായ രാജവാഴ്ച |
| ഇന്ത്യ | ജനാധിപത്യഭരണം |
| ബ്രൂണയ് | സുൽത്താൻ ഭരണം |
| മ്യാൻമർ | പട്ടാളഭരണം |



കൂടുതൽ രാജ്യങ്ങളും അവിടത്തെ ഗവൺമെന്റുകളും കണ്ടെത്തി പട്ടിക വിപുലീകരിക്കുക.

മേൽ സൂചിപ്പിച്ച ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണ്? ഭൂട്ടാൻ രാജാവും ബ്രൂണയ് സുൽത്താനും പിന്തുടർച്ചാടിസ്ഥാനത്തിൽ അധികാരത്തിൽ വരുന്നു. ഇവ ജനാധിപത്യേതര ഗവൺമെന്റുകൾക്ക് ഉദാഹരണമാണ്. പട്ടാളഭരണവും ജനാധിപത്യേതര ഗവൺമെന്റുകളിൽപ്പെടുന്നു. ഒരു വ്യക്തിയോ ഒന്നിലധികം വ്യക്തികളോ സ്വന്തം ഇഷ്ടാനുസരണം നടത്തുന്ന ഭരണക്രമമാണ് ജനാധിപത്യേതര ഭരണവ്യവസ്ഥ. ഇന്ത്യയിൽ ജനാധിപത്യ ഭരണക്രമമാണുള്ളതെന്ന് നിങ്ങൾക്കറിയാമല്ലോ. ജനപ്രതിനിധികൾ നടത്തുന്ന ഭരണക്രമത്തെ ജനാധിപത്യ ഗവൺമെന്റ് എന്നു പറയുന്നു. ജനാധിപത്യ ഗവൺമെന്റുകളുടെയും ജനാധിപത്യേതര ഗവൺമെന്റുകളുടെയും സവിശേഷതകൾ പട്ടികയിൽ നിന്നു മനസ്സിലാക്കൂ.

| ജനാധിപത്യഗവൺമെന്റ് | ജനാധിപത്യേതര ഗവൺമെന്റ് |
|---|---|
| ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധികളുടെ ഭരണം | അധികാരം പരമ്പരാഗതമായി കൈമാറുകയോ പിടിച്ചെടുക്കുകയോ ചെയ്യുന്നു. |
| ജനങ്ങൾക്ക് അഭിപ്രായസ്വാതന്ത്ര്യവും അവകാശങ്ങളും നിയമപരമായി ഉറപ്പു നൽകുന്നു | ജനങ്ങൾക്ക് അഭിപ്രായസ്വാതന്ത്ര്യവും അവകാശങ്ങളും പരിമിതമാണ്. |
| ഭരണാധികാരികളും നിയമത്തിന് വിധേയരായി പ്രവർത്തിക്കുന്നു. | ഭരണാധികാരി നിയമത്തിന് അതീതനാണ്. കാരണം അവർ തീരുമാനിക്കുന്നതാണ് നിയമം. |

ജനാധിപത്യ-ജനാധിപത്യേതര ഗവൺമെന്റുകളുടെ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.

ജനാധിപത്യ ഗവൺമെന്റുകളുടെയും ജനാധിപത്യേതര ഗവൺമെന്റുകളുടെയും സവിശേഷതകൾ മനസ്സിലാക്കിയല്ലോ. ലോകത്ത് ഭൂരിഭാഗം രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത് ജനാധിപത്യ ഭരണക്രമമാണ്. മറ്റുള്ള സമ്പ്രദായങ്ങളെ അപേക്ഷിച്ച് അതിനുള്ള മേന്മകളാണ് ഇതിനു കാരണം.

## ജനാധിപത്യഗവൺമെന്റിന്റെ മേന്മകൾ

- ജനാഭിലാഷം മാനിക്കുന്നു.
- വ്യക്തിസ്വാതന്ത്ര്യം സംരക്ഷിക്കുന്നു.
- ഭരണാധികാരികളും ജനങ്ങളും ഒരേ നിയമത്തിന് വിധേയരാണ്.
- ഭരണാധികാരികൾ ജനങ്ങളോട് കടപ്പെട്ടിരിക്കുന്നു.

ഏതുതരം ഭരണരൂപം നിലനിൽക്കുന്ന രാജ്യത്ത് ജീവിക്കാനാണ് നിങ്ങൾ കൂടുതൽ ഇഷ്ടപ്പെടുന്നത്? കാരണം വിശദമാക്കുക.

ജനാധിപത്യ-ജനാധിപത്യേതര ഗവൺമെന്റുകൾ പരിചയപ്പെട്ടല്ലോ. താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ പരിശോധിച്ച് ജനാധിപത്യവുമായി ബന്ധപ്പെട്ടവയ്ക്കുനേരെ ☑ അടയാളവും ജനാധിപത്യേതര ഗവൺമെന്റുമായി ബന്ധപ്പെട്ടവയ്ക്കു നേരെ ☒ അടയാളവും രേഖപ്പെടുത്തുക.

- കൃത്യമായ കാലപരിധിയിൽ തിരഞ്ഞെടുപ്പു നടക്കുന്നു. ☐
- തലമുറകളായി കൈമാറുന്ന ഭരണക്രമം. ☐
- ജനപ്രതിനിധികളുടെ ഭരണം. ☐
- രാജാവിന്റെ/സുൽത്താന്റെ/പട്ടാളമേധാവിയുടെ ഭരണം. ☐
- വ്യക്തിസ്വാതന്ത്ര്യം നിലനിൽക്കുന്നു. ☐
- കോടതികൾക്ക് നിയന്ത്രണം. ☐
- ജനാഭിപ്രായം മാനിക്കുന്നു. ☐


ജനാധിപത്യ ഗവൺമെന്റുകളെ ഇതര ഗവൺമെന്റുകളിൽ നിന്നു വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം അവ ഉറപ്പുനൽകുന്ന അവ

കാശങ്ങളാണ്. പൗരന്മാർക്ക് ജനാധിപത്യജീവിതം സാധ്യമാകണ മെങ്കിൽ പൗരാവകാശങ്ങൾ നിലനിൽക്കണം.

ജനാധിപത്യരാജ്യമായ ഇന്ത്യയിൽ നമുക്ക് ലഭ്യമായ ഏതാനും അവ കാശങ്ങളിൽ ചിലത് താഴെ തന്നിരിക്കുന്നു.

- ജീവിക്കാനുള്ള അവകാശം
- വിദ്യാഭ്യാസത്തിനുള്ള അവകാശം
- അഭിപ്രായസ്വാതന്ത്ര്യം
- സംഘടനാസ്വാതന്ത്ര്യം

ഈ അവകാശങ്ങൾ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്ക് ലഭിക്കു ന്നുണ്ടോ? ജനാധിപത്യരാജ്യങ്ങളിൽ മാത്രമാണ് അവകാശങ്ങൾ ഫലപ്രദമായി സംരക്ഷിക്കപ്പെടുക. തന്നിരിക്കുന്ന ബ്ലോഗ് കുറിപ്പ് വായിക്കൂ.




ബാല്യകാലം മുതൽ യുദ്ധഭൂമിയിൽ ജീവിക്കേണ്ടവന്ന പതിനാറു കാരിയായ പലസ്തീൻ പെൺകുട്ടിയുടെ വാക്കുകളാണിത്. സ്വപ്നം കാണാൻപോലും സാധിക്കാത്ത വിധം യുദ്ധം ഫറാ ബക്കറിന്റെ എല്ലാ പ്രതീക്ഷകളും തകർത്തു. ഇതുപോലെ സ്വാതന്ത്ര്യം, സമാ ധാനം, അവകാശങ്ങൾ എന്നീ പദങ്ങളുടെ അർഥമെന്തെന്നറിയാതെ ധാരാളംപേർ ഈ ലോകത്ത് ജീവിക്കുന്നുണ്ട്. എന്താണ് അവകാ ശം? ഒരു പൗരന് മെച്ചപ്പെട്ട ജീവിതം കൈവരിക്കുന്നതിനും തന്റെ ശേഷിയും കഴിവും വികസിപ്പിക്കുന്നതിന് സഹായകമായതും സമൂഹവും രാഷ്ട്രവും ഉറപ്പുനൽകുന്നതുമായ വ്യവസ്ഥകളാണ് അവകാശങ്ങൾ.

അവകാശസംരക്ഷണത്തിന് ആവശ്യമായ നടപടികൾ എല്ലാ രാജ്യങ്ങളിലെയും ഗവൺമെന്റുകൾ സ്വീകരിക്കാറുണ്ട്. ഓരോ രാജ്യവും ഭരണഘടനയിലുൾപ്പെടുത്തി പൗരന് ഉറപ്പുനൽകുന്ന അവകാശങ്ങളുടെ പട്ടികയാണ് അവകാശ പത്രിക. ഇന്ത്യയുടെ അവകാശ പത്രിക മൗലികാവകാശങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

## മനുഷ്യാവകാശങ്ങൾ




**സാർവദേശീയ മനുഷ്യാവകാശപ്രഖ്യാപനം**

"എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുന്നു. അവർ ബുദ്ധിയും മനഃസ്സാക്ഷിയുംകൊണ്ട് അനുഗൃഹീതരും പരസ്പരസാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്".

മുകളിൽ നൽകിയിരിക്കുന്ന കൊളാഷ് നിരീക്ഷിക്കൂ. അവകാശ നിഷേധങ്ങൾക്കിടയാക്കുന്ന ചില സാഹചര്യങ്ങളും അവ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങളുമാണ് കൊളാഷിൽ പ്രതിപാദിച്ചിരിക്കുന്നത്. അവകാശലംഘനങ്ങളുണ്ടാവുമ്പോഴാണ് അവകാശസംരക്ഷണത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത്. ആധുനികകാലത്ത് അവകാശങ്ങളെ പൊതുവെ മനുഷ്യാവകാശങ്ങൾ എന്ന നിലക്കാണ് വിലയിരുത്തപ്പെടുന്നത്. മനുഷ്യവംശത്തിലെ ഒരു അംഗം എന്ന നിലയിൽ എല്ലാവർക്കും ഒരുപോലെ ലഭ്യമായിരിക്കേണ്ട അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. 1948 ഡിസംബർ പത്തിന് നിലവിൽവന്ന സാർവദേശീയ മനുഷ്യവകാശപ്രഖ്യാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ചില അവകാശങ്ങൾ പരിശോധിക്കൂ.

- ജീവിക്കാനുള്ള അവകാശം
- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- സംഘടനാസ്വാതന്ത്ര്യം
- തൊഴിലവകാശം
- സംസ്കാരവും ഭാഷയും ലിപിയും സംരക്ഷിക്കാനുള്ള അവകാശം.



ജീവിക്കാനുള്ള അവകാശം എന്നാൽ അന്തസ്സോടെയുള്ള ജീവിതം എന്നാണർഥമാക്കുന്നത്. ശുദ്ധവായു, ശുദ്ധജലം, മതിയായ പോഷകാഹാരം എന്നിവയൊക്കെ ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ്.

മനുഷ്യാവകാശസംരക്ഷണത്തിനുവേണ്ടി ഇന്ത്യാ ഗവൺമെന്റ് ദേശീയതലത്തിലും സംസ്ഥാനതലത്തിലും നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടതാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളുടെയും രൂപീകരണം.



മനുഷ്യാവകാശ ദിനാചരണത്തോടനുബന്ധിച്ച് സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നതിന് മനുഷ്യാവകാശങ്ങൾ എന്ന വിഷയത്തിൽ ഒരു പ്രസംഗം തയാറാക്കുക.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

മനുഷ്യാവകാശസംരക്ഷണത്തിനുവേണ്ടി ദേശീയതലത്തിൽ കൈക്കൊണ്ട പ്രധാന നടപടിയാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ രൂപീകരണം. 1993 ൽ പാർലമെന്റ് പാസാക്കിയ മനുഷ്യാവകാശസംരക്ഷണ നിയമമനുസരിച്ചാണ് കമ്മീഷന് രൂപം നൽകിയത്. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ ചെയർമാനുൾപ്പെടെ അഞ്ചംഗങ്ങൾ ഉണ്ടാകും. റിട്ടയർ ചെയ്ത ഒരു സുപ്രീംകോടതി ചീഫ് ജസ്റ്റിസായിരിക്കും കമ്മീഷന്റെ ചെയർമാൻ.



ജസ്റ്റിസ് രംഗനാഥ മിശ്ര
മനുഷ്യാവകാശ
കമ്മീഷന്റെ
ആദ്യചെയർമാൻ

### ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ചുമതലകൾ

മനുഷ്യാവകാശലംഘനവുമായി ബന്ധപ്പെട്ട പരാതികളിന്മേൽ അന്വേഷണം നടത്തുക.

ജയിലുകളും മറ്റും സന്ദർശിച്ച് അന്തേവാസികളുടെ ജീവിതസൗകര്യം പഠിച്ച് ശുപാർശകൾ നൽകുക.

മനുഷ്യാവകാശസംരക്ഷണത്തിന് ഫലപ്രദമായ നിർദേശങ്ങൾ നൽകുക.

മനുഷ്യാവകാശരംഗത്തു പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളെ പരിപോഷിപ്പിക്കുക.

## സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ

എല്ലാ സംസ്ഥാനങ്ങളിലും സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾക്ക് രൂപംനൽകിയിട്ടുണ്ട്. 1998 ൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിലവിൽവന്നു. ഒരു ചെയർമാനും രണ്ടംഗങ്ങളും അടങ്ങിയതാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ തന്നെയാണ് സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുമുള്ളത്. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ മനുഷ്യാവകാശ കമ്മീഷനെ സമീപിക്കാവുന്നതാണ്.

## കുട്ടികളുടെ അവകാശങ്ങൾ






കുട്ടികളുടെ ഏതാനും അവകാശങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. എന്തുകൊണ്ടാണ് കുട്ടികൾക്ക് സവിശേഷമായ അവകാശങ്ങൾ ആവശ്യമാകുന്നത്? എന്തൊക്കെയാണ് കുട്ടികളുടെ അവകാശങ്ങൾ? ബാല്യത്തിന്റെ ശാരീരികവും മാനസികവുമായ അവസ്ഥ കുട്ടികളെ സവിശേഷ പരിഗണന അർഹിക്കുന്നവരാക്കുന്നു. അതിനാൽ കുട്ടികളുടെ അവകാശ സംരക്ഷണം വളരെ പ്രധാനമാണ്.

വിദ്യാഭ്യാസം കുട്ടികളുടെ പ്രധാന അവകാശമാണ്. 2009 ൽ പാർലമെന്റ് പാസാക്കിയ വിദ്യാഭ്യാസ അവകാശനിയമം (ആർ.റ്റി.ഇ ആക്ട്) ഇത് എടുത്തു പറയുന്നു. 6 മുതൽ 14 വയസ്സുവരെ പ്രായ

മുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഇത് ഉറപ്പാക്കുന്നു. പഠനാനുകൂല അന്തരീക്ഷവും അടിസ്ഥാനസൗകര്യങ്ങളും കുട്ടികളുടെ അവകാശമാണ്.

പഠിക്കാനുള്ള അവകാശം കുട്ടിയുടെ അവകാശമാണെന്ന് മനസ്സിലായല്ലോ. കൂടുതൽ അവകാശങ്ങൾ എഴുതി പട്ടിക പൂർത്തിയാക്കൂ.

- അതിജീവനത്തിനും സംരക്ഷണത്തിനും പൂർണവികാസത്തിനുമുള്ള അവകാശം.
- മാനസികവും ശാരീരികവുമായ പീഡനങ്ങളിൽ നിന്നു സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം.
-
-
-






കുട്ടികളുടെ അവകാശപ്രഖ്യാപനം നിലനിൽക്കുമ്പോൾതന്നെ അവർ വിവിധ തരത്തിലുള്ള ചൂഷണങ്ങൾക്ക് വിധേയരാകുന്നുണ്ട്.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും ധാരാളം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടതാണ് ദേശീയ ബാലാവകാശ കമ്മീഷന്റെയും സംസ്ഥാന ബാലാവകാശ കമ്മീഷനുകളുടെയും രൂപീകരണം.

**കൈലാസ് സത്യാർഥി**



2014 ൽ മലാലയോടൊപ്പം സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു. ബച്പൻ ബച്ചാവോ ആന്ദോളൻ എന്ന സംഘടന രൂപീകരിച്ച് ബാലവേലയ്ക്കെതിരെ പ്രവർത്തിക്കുന്നു.

### മലാല യൂസഫ് സായി



പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പോരാടിയതിന് പതിനേഴാംവയസ്സിൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ചു.

കുട്ടികളുടെ അവകാശങ്ങൾ ഹനിക്കപ്പെട്ടാൽ ബാലാവകാശ കമ്മീഷനെ സമീപിക്കാനും പരാതിപ്പെടാനും അവകാശമുണ്ട്.

## സ്ത്രീകളുടെ അവകാശങ്ങൾ




മുകളിൽ കൊടുത്ത വാർത്തകൾ നോക്കൂ. സ്ത്രീകളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട ചില നടപടികളാണ് ഇവിടെ സൂചിപ്പിക്കുന്നത്. സ്ത്രീകൾക്കെതിരായ വിവേചനം അവസാനിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനുമായി 1979 ൽ സ്ത്രീവിവേചന ഉന്മൂലന ഉടമ്പടി ഐക്യരാഷ്ട്രസഭ അംഗീകരിക്കുകയുണ്ടായി. എന്തെല്ലാം പ്രത്യേക അവകാശങ്ങളാണ് സ്ത്രീകൾക്കുള്ളത്? ചാർട്ട് പരിശോധിക്കൂ.

തുല്യജോലിക്ക് തുല്യവേതനം

രാഷ്ട്രീയ – സാമ്പത്തിക – സാമൂഹ്യ മേഖലയിൽ തുല്യപരിഗണന

സ്കോളർഷിപ്പുകൾ, പഠനസഹായങ്ങൾ എന്നിവ ഉപയോഗപ്പെടുത്തുന്നതിൽ തുല്യാവസരം

എല്ലാ നിലയിലും പുരുഷനു തുല്യമായ പരിഗണന സ്ത്രീയുടെ അവകാശമാണ്. സ്ത്രീകളുടെ അവകാശസംരക്ഷണത്തിനായി ദേശീയതലത്തിൽ ദേശീയ വനിതാകമ്മീഷനും സംസ്ഥാനതലത്തിൽ സംസ്ഥാന വനിതാകമ്മീഷനുകളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, അവകാശനിഷേധങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കമ്മീഷന് സമർപ്പിക്കാവുന്നതാണ്. പരാതികൾ അന്വേഷിച്ച് ആവശ്യമായ നടപടികൾ കമ്മീഷൻ കൈക്കൊള്ളുന്നതാണ്.



സ്ത്രീകളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് കൊളാഷ് തയാറാക്കുക.

## അവകാശങ്ങളും കടമകളും


അവകാശങ്ങൾ മാത്രമാണോ നമുക്കുള്ളത്? ഓരോ അവകാശത്തിനും അനുസൃതമായി കടമകളും നമുക്കുണ്ട്. ചാർട്ട് നിരീക്ഷിക്കൂ.

| അവകാശങ്ങൾ | കടമകൾ |
|---|---|
| സ്വാതന്ത്ര്യം എന്റെ അവകാശം. | ഞാൻ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവർക്കും നൽകുക എന്റെ കടമയാണ്. |
| കുട്ടിയെന്ന നിലയിൽ സംരക്ഷണം എന്റെ അവകാശമാണ്. | എന്നെ സംരക്ഷിക്കുക മാതാപിതാക്കളുടെ കടമയാണ്. |
| വാർധക്യത്തിൽ സംരക്ഷണം മാതാപിതാക്കളുടെ അവകാശമാണ്. | വാർധക്യത്തിൽ മാതാപിതാക്കളെ സംരക്ഷിക്കുക എന്റെ കടമയാണ്. |
| വിദ്യാഭ്യാസവും അതിനുള്ള അടിസ്ഥാനസൗകര്യവും എന്റെ അവകാശമാണ്. | സ്കൂൾ നിയമങ്ങൾ അനുസരിക്കുക എന്റെ കടമയാണ്. |
| അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അത് പരിഹരിച്ച് കിട്ടാൻ എനിക്ക് അവകാശമുണ്ട്. | രാഷ്ട്രസേവനവും സമൂഹസേവനവും എന്റെ കടമയാണ്. |

ഏതാനും അവകാശങ്ങളും അതിനനുസൃതമായ ചില കടമകളുമാണ് മുകളിൽ നൽകിയിരിക്കുന്നത്. കടമകളില്ലാതെ അവകാശങ്ങൾ നിലനിൽക്കുകയില്ല.



അവകാശങ്ങളും കടമകളും തമ്മിലുള്ള പരസ്പരബന്ധം വിലയിരുത്തുക.



## സംഗ്രഹം

- ഗവൺമെന്റുകളെ ജനാധിപത്യ ഗവൺമെന്റെന്നും ജനാധിപത്യേതര ഗവൺമെന്റെന്നും തരംതിരിക്കാം.
- ജനാധിപത്യ ഗവൺമെന്റുകളെ ഇതര ഭരണക്രമങ്ങളിൽ നിന്നു വ്യത്യസ്തമാക്കുന്ന പ്രധാന ഘടകം അവ ഉറപ്പുനൽകുന്ന അവകാശങ്ങളാണ്.
- ഭരണഘടനയിലുൾപ്പെടുത്തി ജനങ്ങൾക്ക് ഉറപ്പുനൽകുന്ന അവകാശങ്ങളുടെ പട്ടികയാണ് അവകാശപത്രിക.
- ആധുനികകാലത്ത് അവകാശങ്ങൾ പൊതുവെ മനുഷ്യാവകാശങ്ങൾ എന്ന നിലയിലാണ് കണക്കാക്കുന്നത്.
- കുട്ടികളുടെ അവകാശങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ തുടങ്ങിയവയ്ക്ക് മനുഷ്യാവകാശങ്ങളോടൊപ്പം പ്രത്യേക പരിഗണന നൽകിയിരിക്കുന്നു.
- അവകാശങ്ങളോടൊപ്പം നമുക്ക് കടമകളുമുണ്ട്.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- ജനാധിപത്യ-ജനാധിപത്യേതര ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം വിശദമാക്കുന്നു.
- ജനാധിപത്യ ഗവൺമെന്റിന്റെ മേന്മകൾ പട്ടികപ്പെടുത്തുന്നു.
- ജനാധിപത്യഗവൺമെന്റും അവകാശങ്ങളും തമ്മിലുള്ള പരസ്പരബന്ധം പ്രസ്താവിക്കുന്നു.
- അവകാശപത്രിക വിശദമാക്കുന്നു.
- അവകാശസംരക്ഷണത്തിന് ദേശീയതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിലയിരുത്തുന്നു.
- അവകാശങ്ങളും കടമകളും തമ്മിലുള്ള പരസ്പരബന്ധം വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

- ജനാധിപത്യ ഗവൺമെന്റുകളുടെയും ജനാധിപത്യേതര ഗവൺമെന്റുകളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.
- ജനാധിപത്യ ഗവൺമെന്റുകളുടെ മേന്മകൾ എന്തെല്ലാം?

- മനുഷ്യാവകാശങ്ങൾ എന്നാൽ എന്ത്? മനുഷ്യാവകാശങ്ങളുടെ സംരക്ഷണത്തിന് കൈക്കൊണ്ടിട്ടുള്ള പ്രധാന നടപടികൾ എന്തെല്ലാം?
- അവകാശവും കടമയും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

## തുടർപ്രവർത്തനങ്ങൾ

- മനുഷ്യാവകാശലംഘനവുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് ആൽബം തയാറാക്കുക.
- നിങ്ങൾ അനുഭവിക്കുന്ന അവകാശങ്ങൾ പട്ടികപ്പെടുത്തി അതുമായി ബന്ധപ്പെട്ട കടമകൾ എഴുതുക.
- ജനാധിപത്യേതര ഗവൺമെന്റുകൾ നിലനിൽക്കുന്ന കൂടുതൽ രാജ്യങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.


## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| ജനാധിപത്യ-ജനാധിപത്യേതര ഗവൺമെന്റുകളുടെ സവിശേഷതകൾ താരതമ്യം ചെയ്യാൻ കഴിയും. | | | |
| ജനാധിപത്യ ഗവൺമെന്റുകളുടെ മേന്മകൾ പ്രസ്താവിക്കാൻ സാധിക്കും | | | |
| ജനാധിപത്യ ഗവൺമെന്റും അവകാശങ്ങളും തമ്മിലുള്ള പരസ്പരബന്ധം വിലയിരുത്താൻ സാധിക്കും. | | | |
| അവകാശപത്രികയെ നിർവചിക്കാൻ കഴിയും. | | | |
| മനുഷ്യാവകാശസംരക്ഷണത്തിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാൻ സാധിക്കും. | | | |
| അവകാശങ്ങളും കടമകളും തമ്മിലുള്ള പരസ്പരബന്ധം വ്യക്തമാക്കാൻ കഴിയും. | | | |



# 11

# സമൂഹജീവിതത്തിലെ വൈവിധ്യം







ഈ മൂന്നു ചിത്രങ്ങൾ ശ്രദ്ധിച്ച് നോക്കുക. ഇവ ഏതെല്ലാം ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ടവയാണ്?

കേരള സമൂഹത്തിലെ മൂന്ന് ജനവിഭാഗങ്ങളുമായി ബന്ധപ്പെട്ട ഈ ചിത്രങ്ങൾ അവരുടെ ദൈനംദിന ജീവിതത്തെ പ്രതിഫലിപ്പിക്കുന്നു.

ഇത്തരം വ്യത്യസ്ത ചുറ്റുപാടുകളും ജീവിതരീതികളുമുള്ള ജനവിഭാഗങ്ങളെക്കുറിച്ച് ഒരന്വേഷണമായാലോ? അതുവഴി നമുക്ക് സമൂഹത്തിന്റെ വൈവിധ്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

## ഗോത്രസമൂഹം



കേരളത്തിലെ ഗോത്രസമൂഹങ്ങളിലൊന്നുമായി ബന്ധപ്പെട്ട ഒരു ചിത്രമാണിത്.

ഗോത്രസമൂഹങ്ങൾക്ക് തനതായ ജീവിതരീതികളുണ്ട്. നമ്മുടെ ദേശത്തെ ആദ്യകാല സമൂഹങ്ങളുടെ പിൻമുറക്കാരാണിവർ. ഇന്ന് ഇവരിൽ ഭൂരിഭാഗം പേരും പൊതുവെ കാടുകളിലോ കുന്നിൻ മുകളിലോ ഉൾപ്രദേശങ്ങളിലോ ഒറ്റപ്പെട്ട താഴ്‌വരകളിലോ താമസിക്കുന്നുവെന്നു മാത്രം.

**ഗോത്രം**

ഒരു പൊതുപ്രദേശത്ത് താമസിക്കുകയും തനത് ഭാഷ സംസാരിക്കുകയും ചെയ്യുന്ന ജനവിഭാഗമാണ് ഗോത്രസമൂഹം. അവർ സവിശേഷമായ ആചാരനുഷ്ഠാനങ്ങൾ പിന്തുടരുന്നു.

കേരളത്തിലെ വിവിധ ഗോത്രവർഗങ്ങളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. ഓർത്തുനോക്കി ചില ഗോത്രവർഗങ്ങളുടെ പേരുകൾ കണ്ടെത്തുക.

- പണിയർ
- കുറിച്യർ
-
-
-
-
-

## ഗോത്രസമൂഹത്തിന്റെ സവിശേഷതകൾ

ഇനി ഗോത്രവർഗങ്ങളുടെ സാമൂഹികജീവിതത്തിലെ സവിശേഷതകൾ കണ്ടെത്താം.

- ഗോത്രവർഗത്തിൽപ്പെടുന്നവർ പൊതുവെ മലയോരങ്ങളിലോ വനങ്ങളിലോ കുന്നിൻമുകളിലോ ഒറ്റപ്പെട്ടു കിടക്കുന്ന താഴ്‌വരകളിലോ ആണ് താമസിക്കുന്നത്. ഓരോ ഗോത്രസമൂഹവും ഒരിടത്ത് കൂട്ടമായി ജീവിക്കുന്നു. മറ്റു സമൂഹങ്ങളിൽ നിന്ന് വേറിട്ട ജീവിതമാണ് അവർ നയിക്കുന്നത്.

**കേരളത്തിലെ ഗോത്രസമൂഹങ്ങൾ**

1976 ൽ ഭേദഗതിചെയ്ത പട്ടികജാതി-പട്ടികവർഗ നിയമപ്രകാരം കേരളത്തിലെ വിവിധ ഭാഗങ്ങളിലായി 35 ഗോത്രസമൂഹങ്ങളുണ്ട്. പല ജില്ലകളിൽ ചിതറിക്കിടക്കുന്ന പണിയർ ആണ് എണ്ണത്തിൽ കൂടുതൽ.

- വനവിഭവങ്ങൾ ശേഖരിച്ചും പരമ്പരാഗതരീതിയിൽ കൃഷി ചെയ്തുമാണ് ഗോത്രസമൂഹങ്ങൾ ജീവിക്കുന്നത്. ഇവർക്കിടയിൽ പലരും പരമ്പരാഗത കുലത്തൊഴിലുകൾ ചെയ്യുന്നവരാണ്.
- ഓരോ ഗോത്രസമൂഹത്തിനും അവരുടേതായ ഭാഷയുണ്ട്. ഇവ തനതായ ലിപികളില്ലാത്ത സംസാരഭാഷയാണ്.

കേരളത്തിലെ മലയസമൂഹം ഉപയോഗിക്കുന്ന ചില പദങ്ങൾ ശ്രദ്ധിക്കുക.

| | | |
|---|---|---|
| വേണ്ടിയാര് | : | ഭാര്യ |
| വേത്താര് | : | ഭർത്താവ് |
| അപ്പൻ | : | അച്ഛൻ |
| പേപ്പൻ | : | അപ്പൂപ്പൻ |
| മോളാര് | : | മകൾ |
| മോനാര് | : | മകൻ |
| ആച്ചി | : | ചേച്ചി |
| ചാട്ടൻ | : | ജ്യേഷ്ഠൻ |

കുടുംബബന്ധങ്ങൾ സൂചിപ്പിക്കുന്ന പദങ്ങളാണിവ. നമ്മളിന്ന് ഉപയോഗിക്കുന്ന പല പദങ്ങളുമായി ഇവയ്ക്ക് സാമ്യമില്ലേ?


ഗോത്രസമൂഹങ്ങൾക്ക് അവരുടേതായ സവിശേഷ ജീവിതരീതിയുണ്ട്. പ്രകൃതിയോട് ഇണങ്ങിക്കഴിയുന്നവരാണവർ. അവരുടെ സാമൂഹികജീവിതം രൂപപ്പെടുത്തുന്നതിൽ ഭൂമിശാസ്ത്ര പ്രത്യേകതകൾക്ക് സുപ്രധാന പങ്കുണ്ട്.



1 ...........................................................



2 ...........................................................



3 ...........................................................

ചിത്രങ്ങൾ ശ്രദ്ധിക്കുക.

ഈ ഉപകരണങ്ങൾ ഗോത്രവർഗക്കാർ എന്തിനെല്ലാമായിരിക്കണം ഉപയോഗിച്ചത്? ഓരോന്നിന്റേയും ഉപയോഗം ചിത്രത്തിനടിയിൽ എഴുതിനോക്കൂ.

ഗോത്രസമൂഹക്കാരുടെ ഉപകരണങ്ങൾ അവരുടെ ചുറ്റുപാടുകളോട് ബന്ധപ്പെട്ടതാണെന്നു വ്യക്തമായില്ലേ?



ഗോത്രസമൂഹങ്ങൾ അവരുടെ ചരിത്രമോ അറിവുകളോ എഴുതിവയ്ക്കാറുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ ഗോത്രസമൂഹങ്ങളുടെ നാട്ടറിവുകളോ നാടൻപാട്ടുകളോ ഐതിഹ്യങ്ങളോ മറ്റുള്ളവർക്ക് പൊതുവെ പരിചിതമല്ല. അവരുടെ കലാരൂപങ്ങളും അനുഷ്ഠാനങ്ങളും മാറ്റങ്ങളോടെയാണെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്.

കേരളത്തിലെ ഒരു ഗോത്രവിഭാഗമായ മലവേടരുടെ ഒരു പ്രകൃതി ഗീതം ശ്രദ്ധിക്കൂ...

**ഇച്ചച്ചമെന്തു ചെയ്തേലേലാ**
**ഒരു മീന്തുചത്തു പോയേലേലാ**
**ചത്തമ്മീന്തു എന്തു ചെയ്തേ ലേലാ**
**ഒരു പരന്തുറാഞ്ചിപ്പോയേലേലാ**
**ആ മീന്തു എന്തു ചെയ്തേലേലാ**
**ഇരുളുമറിന്തു പോയേലേലാ**
**അമ്മരമെന്തു ചെയ്തേലേലാ**
**ചെറുമീന്തുതാനും പോയേലേലാ**
**കലമ്പുഴേല് താന്തുപോയേലേലാ**
**കലമ്പുഴേല് താന്തുപോയേലേലാ**



കേരളത്തിലെ ഗോത്രസമൂഹങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഇത്തരം പാട്ടുകൾ ശേഖരിച്ച് ക്ലാസിൽ അവതരിപ്പിക്കൂ.




ഗോത്രസമൂഹങ്ങൾ ഒരുമിച്ചു താമസിക്കുന്ന സ്ഥലം 'ഊര്' എന്നറിയപ്പെടുന്നു. ഓരോ ഊരിനും ഒരു നേതാവുണ്ടാകും. അദ്ദേഹത്തെ 'ഊരുമൂപ്പൻ' എന്ന് ആദരവോടെ വിളിക്കുന്നു. ഊരിലെ ഭരണത്തിന് നേതൃത്വം കൊടുക്കുന്നത് മൂപ്പനോ മൂപ്പനടങ്ങുന്ന മുതിർന്ന അംഗങ്ങളുടെ ഒരു സമിതിയോ ആയിരിക്കും. വിവാഹം, തർക്കങ്ങൾ, അനുഷ്ഠാനമുറകൾ എന്നിവയിലെല്ലാം തീരുമാനമെടുക്കാൻ മൂപ്പനോ മുതിർന്ന സമിതിക്കോ പരമാധികാരം ഉണ്ടായിരിക്കും.

നിങ്ങളുടെ സമീപപ്രദേശത്തെവിടെയെങ്കിലും ഗോത്രസമൂഹം താമസിക്കുന്ന 'ഊര്' ഉണ്ടെങ്കിൽ സന്ദർശിച്ച് അവരുടെ ജീവിതത്തിലെ സവിശേഷതകളെക്കുറിച്ചറിയാൻ ശ്രമിക്കുക.

## ഗ്രാമസമൂഹം

പതിനൊന്നുവയസ്സുകാരിയായ മീന വരച്ച ചിത്രമാണിത്. മീന സ്വന്തം ദേശത്തെയാണ് ചിത്രത്തിൽ പ്രമേയമാക്കിയിട്ടുള്ളത്. ഈ ചിത്രം സൂക്ഷ്മമായി നിരീക്ഷിക്കുക. ചിത്രത്തിൽ മീന രേഖപ്പെടുത്തിയ സവിശേഷജീവിതരീതികൾ എന്തെല്ലാമാണ്? എഴുതുക.



- കൃഷിയോട് ചേർന്ന പ്രവൃത്തികൾ :

 ..........................................................................................................

 ..........................................................................................................

 ..........................................................................................................

 ..........................................................................................................

- മറ്റു കാര്യങ്ങൾ :

 ..........................................................................................................

 ..........................................................................................................

 ..........................................................................................................

 ..........................................................................................................

ഈ സവിശേഷതകളിൽനിന്ന് മീനയുടെ സമൂഹത്തെ മനസ്സിലാക്കാൻ പറ്റുന്നുണ്ടോ? അത്തരത്തിലുള്ള സമൂഹത്തെ നിങ്ങൾ എന്തു വിളിക്കും?

ഗ്രാമസമൂഹത്തിന്റെ പ്രധാന സവിശേഷതകൾ കണ്ടെത്തി പട്ടികയാക്കൂ.

- 
- 
- 
- 
- 
- 
- 

പരമ്പരാഗത ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം.

- ഗ്രാമപ്രദേശങ്ങളിൽ ജീവിക്കുന്നവർക്ക് പരസ്പരം അടുത്തറിയാം. അവർ തമ്മിൽ നല്ല അടുപ്പം ഉണ്ടായിരിക്കും.
- ഗ്രാമീണരുടെ വേഷം ലളിതമായിരിക്കും. ജീവിതരീതികൾ സങ്കീർണമല്ല.
- കൃഷിയും അനുബന്ധ തൊഴിലുകളുമാണ് പരമ്പരാഗത ഗ്രാമസമൂഹങ്ങളിൽ മുഖ്യം.
- കൈത്തൊഴിലുകൾ, കന്നുകാലിവളർത്തൽ, കരകൗശലവസ്തുനിർമാണം തുടങ്ങിയവയും ഗ്രാമീണരുടെ ഉപജീവനമാർഗങ്ങളാണ്.

- പരമ്പരാഗത ഗ്രാമങ്ങളിൽ കൂട്ടുകുടുംബവ്യവസ്ഥയ്ക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നു.
- പല ഗ്രാമീണകൂട്ടുകുടുംബങ്ങൾക്കും അവരുടേതായ കുല ത്തൊഴിൽ ഉണ്ടായിരുന്നു.
- അയൽപക്കബന്ധത്തിന് ഗ്രാമം പ്രാധാന്യം നൽകുന്നു. സുഖ ത്തിലും ദുഃഖത്തിലും അവർ ഒത്തുചേരുന്നു. ചടങ്ങുകളിലും ഉത്സവങ്ങളിലും പൊതുവെ എല്ലാവരും പങ്കെടുക്കുന്നു.
- ഗ്രാമീണർ പരസ്പരം സഹായിക്കുകയും സഹകരിക്കുകയും ചെയ്യുന്നു.
- ഉത്സവങ്ങൾക്ക് ഗ്രാമീണജീവിതത്തിൽ വലിയ പ്രാധാന്യമു ണ്ട്. കൊയ്ത്തുത്സവങ്ങൾ ഗ്രാമത്തിലെ പ്രധാന ആഘോഷ മായിരുന്നു.

**ഗ്രാമങ്ങളിൽ നിലനിന്നിരുന്ന ചില തൊഴിലുകൾ കണ്ടെത്താനാവുമോ?**

- മൺപാത്രനിർമാണം
- 
- 
- 
- 
- 

ഇന്ത്യ ഇന്നും ഗ്രാമങ്ങളുടെ നാടാണ്. എന്നാൽ പല ഗ്രാമങ്ങളും പട്ടണങ്ങളായും നഗരങ്ങളായും മാറുന്നുണ്ട്. പഴയകാല ഗ്രാമങ്ങ ളുടെ സവിശേഷതകൾ ഇല്ലാതാകുന്നതും കാണാനാവും.

## മാറുന്ന ഗ്രാമങ്ങൾ

ഗ്രാമങ്ങൾക്ക് ഇന്നു വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ തിരിച്ചറിയാ നാവുന്നുണ്ടോ? മുകളിൽ ചർച്ചചെയ്ത പരമ്പരാഗത ഗ്രാമങ്ങളുടെ സവിശേഷതകളിൽ എന്തൊക്കെ മാറ്റങ്ങളാണ് ഇന്നത്തെ ഗ്രാമങ്ങ ളിൽ പ്രകടമാവുന്നത്?

ഗ്രാമങ്ങളിൽ പലതും പഴയ രൂപത്തിൽത്തന്നെ നിലകൊള്ളുന്നില്ല. ഗ്രാമങ്ങൾ പട്ടണങ്ങളായും പട്ടണങ്ങൾ നഗരങ്ങളായും ചില നഗര ങ്ങൾ വൻനഗരങ്ങളായും മാറുന്നു. നഗരം ഗ്രാമങ്ങളിലുള്ളവരെ തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിലൂടെ ആകർഷി ക്കുന്നു. മുംബൈ, ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബംഗളൂരു,

കൊച്ചി തുടങ്ങിയ നഗരങ്ങളിലേക്ക് വ്യാപകമായ കുടിയേറ്റമാണ് നടക്കുന്നത്.



നിങ്ങളുടെ ഗ്രാമം/സമീപഗ്രാമം നിരീക്ഷിച്ച് മുകളിൽ ചർച്ചചെയ്ത പരമ്പരാഗതഗ്രാമങ്ങളുടെ സവിശേഷതകളിൽനിന്ന് വ്യത്യസ്തമായി എന്തൊക്കെയാണ് ഉള്ളതെന്നു കണ്ടെത്തി കുറിപ്പ് തയാറാക്കുക.

## നഗരസമൂഹം

നിങ്ങൾ ഒരു വൻനഗരം സന്ദർശിച്ചിട്ടുണ്ടോ?

ആറാം ക്ലാസുകാരിയായ ഷീന സുഹൃത്തായ അർച്ചനയ്ക്ക് അയച്ച കത്ത് വായിക്കൂ.

'പ്രിയപ്പെട്ട അർച്ചനയ്ക്ക്,

ഞാനീ കത്തെഴുതുന്നത് ബംഗളൂരു നഗരത്തിൽനിന്നാണ്. ഇന്ന് ബംഗളൂരു ഇന്ത്യയിലെതന്നെ ഒരു പ്രധാന നഗരമായി മാറിയിരിക്കുന്നു. കഴിഞ്ഞ അരനൂറ്റാണ്ടു കൊണ്ടാണത്രേ ഈ പ്രദേശം ഇങ്ങനെ ഒരു വൻനഗരമായി മാറിയത്. ചുരുങ്ങിയ കാലംകൊണ്ട് മഹാനഗരമായിത്തീർന്ന ഒരു പ്രദേശമാണിത്. എവിടെയും ആകാശം കുത്തിത്തുളയ്ക്കുന്ന കെട്ടിടങ്ങളാണ്. കോൺക്രീറ്റ് കാടുകളെന്ന് വൻനഗരങ്ങളെ വിളിക്കുന്നത് എത്ര ശരിയാണ്. കെട്ടിടങ്ങളുടെ താഴെനിന്ന് നോക്കിയാൽ മേലേ അറ്റം കാണാനാവില്ല.

നിരത്തുകളധികവും രണ്ടു വരിപ്പാതകളാണ്. അങ്ങോട്ടുമിങ്ങോട്ടുമുള്ള വാഹനങ്ങൾ ഓരോ പാതയിലൂടെയും പോകുന്നു. നിരമുറിയാത്ത വാഹനങ്ങളുടെ ഒഴുക്കാണ് ഏതു നേരത്തും. അതുകൊണ്ട് തന്നെ എവിടെനിന്നും റോഡ് മുറിച്ചുകടക്കാൻ പറ്റില്ല. വെള്ള വരയിട്ട ഇടങ്ങളിൽ സിഗ്നൽ വെളിച്ചം നോക്കിയേ നിരത്ത് മുറിച്ചുകടക്കാൻ പാടുള്ളൂ. ഇല്ലെങ്കിൽ കഥ കഴിയും.

വാഹനങ്ങളുടെ ആധിക്യം ഇവിടെ പരിസ്ഥിതിമലിനീകരണത്തിന് കാരണമാകുന്നു. വാഹനങ്ങളും ഫാക്ടറികളും ശുദ്ധവായു ഇല്ലാതാക്കുന്നുണ്ട്. ശുദ്ധജലക്ഷാമവും ബംഗളൂരിലെ മുഖ്യപ്രശ്നങ്ങളിലൊന്നാണ്.

നഗരത്തിൽ ഫ്ളാറ്റുകളേ കാണുന്നുള്ളൂ. വലിയ വില്ലകളിലും ഫ്ളാറ്റുകളിലുമാണ് പലരും കഴിയുന്നത്. ഒരു ഫ്ളാറ്റിൽ ഇരുനൂറോളം കുടുംബങ്ങൾ കഴിയുന്നുണ്ട് എന്നാണ് പറഞ്ഞുകേൾക്കുന്നത്. വലിയ കോളേജുകളും സ്കൂളുകളും ധാരാളം. ബംഗളൂരു നഗരത്തിൽ പാർക്കുകളും പൂന്തോട്ടങ്ങളുമുണ്ട്, കാഴ്ചബംഗ്ലാവുകളും മ്യൂസിയങ്ങളും എത്ര കണ്ടാലും മതിയാവില്ല. സത്യത്തിൽ ഈ നഗരത്തിൽ ഇനിയും കുറേ നാളുകൾ ചുറ്റിക്കറങ്ങാനാണ് തോന്നുന്നത്. എന്താ അർച്ചന വരുന്നോ?

സ്നേഹത്തോടെ
ഷീന

ബംഗളൂരു
16 മെയ് 2014

ഷീനയുടെ കത്തു വായിച്ചപ്പോൾ ഒരു നഗരത്തിന്റെ ചിത്രം നിങ്ങളുടെ മനസ്സിലും ഉണ്ടായില്ലേ? നഗരങ്ങളുടെ സവിശേഷസ്വഭാവങ്ങളുടെ ഒരു ചാർട്ട് നമുക്കുണ്ടാക്കാം.

**നഗരം : സവിശേഷതകൾ**

- വൈവിധ്യങ്ങളുടെ കേന്ദ്രം
  - പല ഭാഷകൾ സംസാരിക്കുന്നു.
  - പല വേഷങ്ങൾ അണിയുന്നു.
  - വിവിധ ഭക്ഷണരീതികൾ പിന്തുടരുന്നു.
- പലവിധ തൊഴിലുകളുടെ ദേശം
  - വ്യവസായത്തോടും വ്യാപാരത്തോടും ബന്ധപ്പെട്ട തൊഴിലുകൾ.
  - തൊഴിലുകൾ വിവിധ സാമ്പത്തിക-സാമൂഹിക വർഗങ്ങളെ (Classes) ഉണ്ടാക്കുന്നു.
  - തൊഴിൽ സംഘടനകൾ രൂപംകൊള്ളുന്നു.
- വലിയ കെട്ടിടങ്ങളുടെ കേന്ദ്രം
  - ഫ്ളാറ്റുകൾ
  - മാളുകൾ
  - സൂപ്പർമാർക്കറ്റുകൾ
  - ബംഗ്ലാവുകൾ
- നാഗരികജീവിതരീതികൾ
  - ഫാഷനുകൾ
  - ആധുനിക ജീവിതശൈലികൾ
  - വൈവിധ്യപൂർണമായ ജീവിതശൈലികൾ
- കൂടുതൽ ജനസാന്ദ്രത
- ചേരിപ്രദേശങ്ങൾ

## നഗരത്തിലെ പ്രശ്നങ്ങൾ



നഗരം പലരേയും ആകർഷിക്കുന്നു. പലർക്കും നഗരം ഇഷ്ടപ്പെടാതിരിക്കാനും കാരണങ്ങളില്ലേ? ഈ ചിത്രം നോക്കൂ.

നഗരത്തിലെ ഗതാഗതക്കുരുക്കിന്റെ ഒരു ചിത്രമാണിത്. വാഹനങ്ങളുടെ ആധിക്യം വായുമലിനീകരണത്തിന് കാരണമാകുന്നു. അത് പല രോഗങ്ങൾക്കും വഴിയൊരുക്കുന്നു.

നഗരത്തിൽ പലവിധ സൗകര്യങ്ങളുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്. എന്നാൽ നഗരം പലവിധ പ്രശ്നങ്ങളുടെയും കേന്ദ്രം കൂടിയാണെന്നറിയാമോ?

നഗരജീവിതം ചിലർക്ക് ദുഷ്കരമാണ്. സുഖസൗകര്യങ്ങളിൽ ജീവിതം ആഘോഷിക്കുന്നവരും ചേരികളിലും തെരുവോരങ്ങളിലും കഴിയുന്നവരും നഗരത്തിലുണ്ട്. നഗരത്തിലെ പല പ്രശ്നങ്ങളും എല്ലാവരേയും ബാധിക്കുന്നതാണ്. അവ ഏതെല്ലാമാണെന്ന് നമുക്ക് കണ്ടെത്താം.




നഗരത്തിലെ പലവിധ പ്രശ്നങ്ങൾ പത്രവാർത്തകളിൽ നിന്ന് ശേഖരിക്കുക. ഗതാഗതക്കുരുക്ക്, ചേരികൾ, ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, കുറ്റകൃത്യങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള പത്രവാർത്തകൾ ഉപയോഗിച്ച് കൊളാഷ് ഉണ്ടാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.

നഗരത്തിലും ഗ്രാമത്തിലുമുള്ള പ്രശ്നങ്ങൾക്ക് എന്താണ് പരിഹാരം? സംഘങ്ങളായി ചർച്ച ചെയ്യുക. ചർച്ചയ്ക്ക് ഈ ചാർട്ട് ഉപയോഗിക്കാം.

**നഗരത്തിലെ പ്രശ്നങ്ങളുടെ പരിഹാരമാർഗങ്ങൾ**

- ചിട്ടയോടെയുള്ള ആസൂത്രണം.
- പാരിസ്ഥിതികപ്രശ്നങ്ങൾ ഉണ്ടാക്കാത്ത നിർമാണ പ്രവർത്തനങ്ങൾ.
- പാർപ്പിടനയം.
- ജീവിതം സുഗമമാക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ.






## സംഗ്രഹം

- ഭൂരിഭാഗം ഗോത്രസമൂഹങ്ങളും മലയോരങ്ങളിലോ മറ്റ് ഉൾപ്രദേശങ്ങളിലോ ആണ് ജീവിക്കുന്നത്.
- ഗോത്രസമൂഹത്തിന് തനതായ സംസ്കാരവും ജീവിതരീതിയുമുണ്ട്.
- ഗോത്രസമൂഹത്തിന്റെ ഭാഷയും സംസ്കാരവും വാമൊഴിയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നവയാണ്.
- ഗ്രാമത്തിന്റെ സവിശേഷതകളാണ് പ്രാഥമിക ബന്ധം, കൃഷിയിലധിഷ്ഠിതമായ തൊഴിലുകൾ, കുടുംബ- അയൽപക്ക ബന്ധങ്ങളുടെ പ്രാധാന്യം, ആഘോഷങ്ങളുടെ സ്വാധീനം തുടങ്ങിയവ.
- സാമൂഹികവൈവിധ്യം, തൊഴിൽവിഭജനം, സാമൂഹിക ചലനക്ഷമത എന്നിവ നഗരസമൂഹത്തിന്റെ പ്രത്യേകതകളാണ്.

- ചേരികൾ, മലിനീകരണം, ഗതാഗതക്കുരുക്ക് തുടങ്ങിയവയാണ് നഗരസമൂഹം നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.
- ചിട്ടയോടെയുള്ള ആസൂത്രണത്തിലൂടെ നഗരത്തിലെ മിക്ക പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയും.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- ഗോത്രസമൂഹത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വിശകലനം ചെയ്യുന്നു.
- ഗ്രാമസമൂഹത്തിൽ വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുന്നു.
- നഗരസമൂഹത്തിന്റെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ഗ്രാമസമൂഹങ്ങളുമായി താരതമ്യം ചെയ്ത് വിശകലനം ചെയ്യുന്നു.
- നഗരസമൂഹം നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നു. പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നു.

## വിലയിരുത്താം

- ഗോത്രസമൂഹത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?
- ഗ്രാമസമൂഹത്തിൽ വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കുക.
- നഗരജീവിതം നരകതുല്യമാണ്- ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ? നിങ്ങളുടെ ഉത്തരം ന്യായീകരിക്കുക.

- ഗ്രാമസമൂഹത്തിന്റെയും നഗരസമൂഹത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുക.

| ഗ്രാമസമൂഹം | നഗരസമൂഹം |
|---|---|
| • | • |
| • | • |
| • | • |
| • | • |



## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ സമീപത്തുള്ള നഗരം സന്ദർശിച്ച് അവിടെ നിലനിൽക്കുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ച് റിപ്പോർട്ട് തയാറാക്കുക.

  സൂചനകൾ

  - ഗതാഗതക്കുരുക്ക്
  - ചേരികൾ
  - പാർപ്പിടസൗകര്യങ്ങളുടെ അപര്യാപ്തത
  - ജലദൗർലഭ്യത

- ഗോത്രസമൂഹത്തിന്റെ കലാരൂപങ്ങൾ, പാട്ടുകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയാറാക്കുക.

## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| ഗോത്രസമൂഹത്തിന്റെ സവിശേഷതകൾ വിശദീകരിക്കാൻ കഴിയും. | | | |
| ഗ്രാമസമൂഹത്തിന്റെ സവിശേഷതകൾ വിശദീകരിക്കാൻ കഴിയും. | | | |
| നഗരസമൂഹത്തിന്റെ സവിശേഷതകൾ തിരിച്ചറിയാൻ സാധിക്കും. | | | |
| ഇന്നത്തെ ഗ്രാമങ്ങളിൽ വന്ന മാറ്റങ്ങൾ തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്താൻ സാധിക്കും. | | | |
| ഗ്രാമ-നഗര സമൂഹങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ തിരിച്ചറിയാൻ സാധിക്കും. | | | |
| നഗരസമൂഹം നേരിടുന്ന പ്രശ്നങ്ങൾ തിരിച്ചറിയാൻ സാധിക്കും. | | | |
| നഗരപ്രശ്നങ്ങൾ പരിഹരിക്കാൻ ചില നിർദേശങ്ങൾ നൽകാൻ കഴിയും. | | | |



12

# പ്രകൃതിയുടെ വരദാനം

'ലോകത്തിലെ ഏറ്റവും സമ്പന്നമായ രാഷ്ട്രം' – പസഫിക് സമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന, വെറും 21 ചതുരശ്രകിലോമീറ്റർ മാത്രം വിസ്തൃതിയുള്ള നൗറു (Nauru) എന്ന ദ്വീപിനെ വിശ്വവിഖ്യാത മാസിക 'നാഷണൽ ജ്യോഗ്രഫിക്' 1976-ൽ വിശേഷിപ്പിച്ചതിങ്ങനെയാണ്. നിറയെ പച്ചപ്പുള്ള ഈ ദ്വീപ് ഒരിക്കൽ നിരവധി ദേശാടനപ്പക്ഷികളുടെ അഭയകേന്ദ്രമായിരുന്നു. എന്നാൽ ഇന്ന് നൗറു ഒരു തരിശുഭൂമിയാണ്. ദ്വീപിലെ വിഭവങ്ങളെല്ലാം തുടച്ചുനീക്കപ്പെട്ടു. എങ്ങും പവിഴപ്പുറ്റുകൾ മാത്രം എഴുന്നുനിൽക്കുന്ന വിജനഭൂമി... എന്തുകൊണ്ട് നൗറു ഇങ്ങനെയായി എന്നറിയേണ്ടേ? രാസവളനിർമാണത്തിന് ഉപയോഗിക്കുന്ന ഫോസ്ഫേറ്റ് എന്ന ധാതുവിഭവത്താൽ സമ്പന്നമായിരുന്നു നൗറു. 1888-ൽ ജർമനി അവിടെ കോളനി സ്ഥാപിച്ച് ഫോസ്ഫേറ്റ് ഖനനം തുടങ്ങിയതോടെ ദ്വീപിന്റെ ദുരവസ്ഥ തുടങ്ങി. ഒന്നാം ലോകയുദ്ധാനന്തരം ബ്രിട്ടൻ, ആസ്ട്രേലിയ, ന്യൂസിലന്റ് എന്നീ രാജ്യങ്ങളും അവിടെ ഖനനം ആരംഭിച്ചു. ഫോസ്ഫേറ്റ് ഖനനത്തിലൂടെ നൗറു ഒരു സമ്പന്ന രാജ്യമായി മാറിയിരുന്നു. എന്നാൽ അമിതമായ ഫോസ്ഫേറ്റ് ഖനനം അവിടത്തെ സസ്യാവരണം ഇല്ലാതാക്കി.അതോടെ പക്ഷികളും ജന്തുക്കളുമൊക്കെ നാമാവശേഷമായി. നൗറുവിന്റെ പരിസ്ഥിതി തന്നെ മാറി. ഫോസ്ഫേറ്റ് നിക്ഷേപവും അധികം താമസിയാതെ തീർന്നു. അങ്ങനെ നൗറു ഒരു തികഞ്ഞ ദരിദ്രരാജ്യമായി... എല്ലാ അർഥത്തിലും...

ഫോസ്ഫേറ്റ് എന്ന ധാതുവിഭവത്താൽ ഒരിക്കൽ സമ്പന്നമാവുകയും പിന്നീട് അതേ ധാതുവിഭവത്തിന്റെ ശോഷണം മൂലം ദരിദ്രമാവുകയും ചെയ്ത നൗറു എന്ന രാജ്യത്തെക്കുറിച്ച് വായിച്ചല്ലോ. നൗറുവിന്റെ ചരിത്രം അറിഞ്ഞു കഴിഞ്ഞപ്പോൾ നിങ്ങളുടെ മനസ്സിൽ ചുവടെ നൽകിയ ചോദ്യങ്ങൾ ഉദിച്ചിട്ടുണ്ടാവുമല്ലോ.

***എന്താണ് വിഭവങ്ങൾ?***

***വിഭവശോഷണം എങ്ങനെ സംഭവിക്കുന്നു?***

***വിഭവങ്ങൾ സംരക്ഷിക്കപ്പെടേണ്ടതുണ്ടോ?***

വിഭവങ്ങൾ, വിഭവശോഷണം, വിഭവസംരക്ഷണം എന്നിവയെക്കുറിച്ച് കൂടുതൽ അറിയാൻ ഈ യൂണിറ്റ് നിങ്ങളെ സഹായിക്കും.

പ്രകൃതിയിൽ കാണുന്നതും മനുഷ്യന് ഉപയോഗപ്രദമായ വസ്തുക്കളെ വിഭവങ്ങൾ എന്നു പറയുന്നു. പ്രകൃതിയിൽനിന്ന് ലഭിക്കുന്ന ചില വിഭവങ്ങളുടെ ചിത്രങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.


ശിലകൾ


ജലം


മണ്ണ്


കാറ്റ്


ധാതുക്കൾ


സൂര്യപ്രകാശം

പ്രകൃതിയിൽനിന്ന് നേരിട്ടുലഭിക്കുന്നതും ഉപയോഗയോഗ്യവുമായ ഇത്തരം വിഭവങ്ങളാണ് പ്രകൃതിവിഭവങ്ങൾ.

വായു, സൂര്യപ്രകാശം, കാറ്റ്, മരങ്ങൾ, ജലം എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത വിഭവങ്ങളാൽ സമ്പന്നമാണ് നമ്മുടെ പ്രകൃതി.



പ്രകൃതിവിഭവങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തൂ. അവയുടെ ഉപയോഗങ്ങൾ കൂടി എഴുതിനോക്കൂ.

നിങ്ങൾ കണ്ടെത്തിയ വിഭവങ്ങളിൽ ചിലത് ജീവനുള്ളവയാണ്; മറ്റു ചിലത് ജീവനില്ലാത്തവയും. ജീവനുള്ള വിഭവങ്ങളെ ജൈവവിഭവങ്ങളെന്നും ജീവനില്ലാത്തവയെ അജൈവവിഭവങ്ങളെന്നും പറയും.

ഭൂമിയിൽ മനുഷ്യൻ ഉപയോഗിക്കുന്ന പ്രകൃതിവിഭവങ്ങളിൽ ചിലത് എക്കാലത്തും ലഭ്യമാണ്. എന്നാൽ മറ്റു ചില വിഭവങ്ങൾ ഉപയോഗിക്കുന്നതിനനുസരിച്ച് തീർന്നുപോകുന്നവയാണ്.

ചുവടെ നൽകിയിട്ടുള്ള വിഭവങ്ങളെ എക്കാലത്തും ലഭ്യമായവ എന്നും ഉപയോഗത്തിനനുസരിച്ച് തീർന്നുപോകുന്നവയെന്നും തരംതിരിച്ച് പട്ടികയിൽ (പട്ടിക 12.1) ഉൾപ്പെടുത്തുക.


കാറ്റ്


കൽക്കരി


ജലം


പ്രകൃതിവാതകം


സൂര്യപ്രകാശം


വനം



പെട്രോളിയം


മണ്ണ്


ഇരുമ്പയിര്

| എക്കാലത്തും ലഭ്യമായ വിഭവങ്ങൾ | ഉപയോഗത്തിനനുസരിച്ച് തീർന്നുപോകുന്ന വിഭവങ്ങൾ |
|---|---|
| • കാറ്റ്<br>•<br>• | • കൽക്കരി<br>•<br>• |
| പുനസ്ഥാപിക്കപ്പെടുന്ന വിഭവങ്ങൾ | പുനസ്ഥാപിക്കപ്പെടാത്ത വിഭവങ്ങൾ |

പട്ടിക 12.1

## വർധിക്കുന്ന ആവശ്യങ്ങൾ; ശോഷിക്കുന്ന വിഭവങ്ങൾ

പ്രകൃതിവിഭവങ്ങളെ മനുഷ്യൻ തനിക്കുവേണ്ടി മാത്രമുള്ളതെന്ന ധാരണയിൽ യഥേഷ്ടം ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. ജനസംഖ്യാ വർധനവ്, ശാസ്ത്ര-സാങ്കേതികപുരോഗതി, മെച്ചപ്പെട്ട വാർത്താവിനിമയ സൗകര്യങ്ങൾ, വ്യവസായവൽക്കരണം എന്നിവ പ്രകൃതിവിഭവങ്ങളുടെ ആവശ്യകത വർധിപ്പിച്ചു. ഇത് അമിതമായ വിഭവശോഷണത്തിന് വഴിതെളിച്ചു. അനിയന്ത്രിതമായ ഉപഭോഗം മൂലം വിഭവങ്ങളുടെ അളവിലും ഗുണത്തിലുമുണ്ടാകുന്ന കുറവാണ് വിഭവശോഷണം. പ്രകൃതിയെ അശാസ്ത്രീയമായി ചൂഷണം ചെയ്യുന്നതിനാൽ പല അമൂല്യവിഭവങ്ങളും നഷ്ടമാവുകയും പ്രകൃതിയുടെ തനതായ സ്വഭാവത്തിൽ മാറ്റം വന്നു തുടങ്ങുകയും ചെയ്തു.



*ഞാൻ എനിക്കും എന്റെ ഭാവിതലമുറയ്ക്കും വേണ്ടി പോരാടുന്നു. വിശക്കുന്ന ഒരായിരം കുഞ്ഞുങ്ങൾക്കു വേണ്ടി... ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ജന്തുജാലങ്ങൾക്കുവേണ്ടി ഞാൻ സംസാരിക്കുന്നു. ഭൂമിയല്ലാതെ അവർക്ക് മറ്റൊരിടമില്ല. അവരുടെ ശബ്ദം ആരും കേൾക്കുന്നില്ല.*

*എനിക്ക് ശ്വസിക്കാൻ ഭയമാകുന്നു. എനിക്കറിയില്ല, എന്തുമാത്രം വിഷലിപ്തമാണീ വായു എന്ന്.....*

*ഞാൻ പുറത്തേക്കിറങ്ങാൻ ഭയക്കുന്നു... കാരണം, അന്തരീക്ഷത്തിലെ ഓസോൺ സുഷിരങ്ങൾ... എന്റെ കുഞ്ഞുങ്ങൾക്കുകൂടി കാണാൻ നിങ്ങൾ ബാക്കിവച്ചേക്കുമോ ഈ മഴക്കാടുകളെ, മൃഗങ്ങളെ, പൂമ്പാറ്റകളെ...? നിങ്ങളുടെ ബാല്യകാലത്ത് നിങ്ങൾ ഇങ്ങനെ വിലപിച്ചിരുന്നുവോ? ആകുലപ്പെട്ടിരുന്നുവോ...?*

*നിങ്ങൾക്കിനിയും ഭൂമിയെ സംരക്ഷിക്കാൻ സമയമുണ്ടെന്ന് കരുതുന്നുവോ?*

*നിങ്ങൾക്ക് സാൽമൺ മത്സ്യങ്ങളെ തിരികെയെത്തിക്കാൻ കഴിയില്ലെങ്കിൽ...*

*മരുഭൂമികളായി മാറിയ വനപ്രദേശങ്ങളെ തിരികെ കൊണ്ടുവരാൻ കഴിയില്ലായെങ്കിൽ...*

*നിർത്തൂ ദയവായി... ഇവയെ നശിപ്പിക്കാതിരിക്കൂ.*

1992 ൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ഐക്യരാഷ്ട്ര സംഘടനയുടെ ആദ്യ ഭൗമ ഉച്ചകോടിയിൽ നിരവധി ലോകരാഷ്ട്രങ്ങളുടെ പ്രതിനിധികൾ അടങ്ങിയ സദസ്സിനെ നിശ്ശബ്ദമാക്കിയ പ്രസംഗം മൊഴിമാറ്റം നടത്തിയതിന്റെ പ്രസക്തഭാഗങ്ങളാണ് മുകളിൽ വായിച്ചത്. കേവലം 12 വയസ്സുമാത്രമുള്ള സെവെൺ കുളിസ് സുസുകി എന്ന കാനഡക്കാരിയായ പെൺകുട്ടിയായിരുന്നു പ്രസംഗക.

എന്തൊക്കെ ആകുലതകളാണ് ആ പെൺകുട്ടി തന്റെ പ്രസംഗത്തിലൂടെ പറയാൻ ശ്രമിച്ചത്?

- മലിനീകരിക്കപ്പെടുന്ന വായു
- നശിപ്പിക്കപ്പെടുന്ന വനങ്ങൾ
- ഭൂമുഖത്തുനിന്ന് അപ്രത്യക്ഷമാകുന്ന ജന്തുജാലങ്ങൾ
- 
- 

1972 ജൂണിൽ സ്റ്റോക്ക് ഹോമിൽ നടന്ന മാനവ പരിസ്ഥിതിയെക്കുറിച്ച ഐക്യരാഷ്ട്ര സംഘട നയുടെ സമ്മേള നത്തിൽ, ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി നടത്തിയ പ്രസംഗം ഐക്യരാഷ്ട്ര സഭയെ ജൂൺ 5 ലോക പരിസ്ഥിതിദിനമായി ആച രിക്കാനുള്ള തീരുമാന ത്തിലെത്തിച്ചു.



മനുഷ്യന്റെ അമിതമായ വിഭവചൂഷണം മൂലം വംശനാശം സംഭവിച്ച ജീവിയാണ് ഡോഡോ. ഇന്ത്യൻ മഹാസമുദ്രത്തിൽ മൗറീഷ്യസ് ദ്വീപിൽ കണ്ടുവന്നിരുന്ന ഈ പക്ഷികളെ മാംസത്തിനു വേണ്ടി കൊന്നൊടുക്കിയപ്പോൾ ഭൂമുഖത്തു നിന്ന് അവ അപ്രത്യക്ഷമായി. ഇന്ത്യയിൽ ഉണ്ടാ യിരുന്ന അറോച്ച് എന്ന കന്നുകാലിവർഗം, ഏഷ്യൻ ചീറ്റപ്പുലി എന്നിവയും അന്യംനിന്നു പോയവയാണ്.



നാം വിഭവങ്ങൾ അശ്രദ്ധമായി ഉപയോഗിച്ചാൽ ഭാവിയിൽ എന്താണ് സംഭവിക്കുക? തന്നിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കൂ. ചിത്രങ്ങൾക്ക് അടിക്കുറിപ്പ് എഴുതിനോക്കൂ.




..............................................




**വനഭൂമികൾ തരിശുഭൂമികളായി മാറും**




..............................................




..............................................



ജലം, മണ്ണ്, പെട്രോളിയം, വനം എന്നീ പ്രകൃതിവിഭവങ്ങൾ പ്രകൃതിയിൽ നിന്നു അപ്രത്യക്ഷമായാൽ എന്തു സംഭവിക്കും? ചർച്ചചെയ്യൂ



ഓരോ വർഷവും ഏകദേശം 3 ദശ ലക്ഷം ക്യുബിക് മീറ്റർ മരം മനുഷ്യൻ ഉപയോഗിക്കുന്നതായാണ് കണക്ക്. ഓരോ സെക്കന്റിലും ഏകദേശം ഒരു ഫുട്ബോൾ മൈതാനത്തിന്റെ അത്രയും വലുപ്പത്തിൽ മനുഷ്യൻ വനങ്ങൾ വെട്ടിനശിപ്പിക്കുന്നു. ഈ സ്ഥിതി തുടർന്നാൽ 2020 ആകുമ്പോഴേക്കും ഇപ്പോഴുള്ള വനഭൂമിയുടെ പകുതിമാത്രമേ ഭൂമിയിൽ അവശേഷിക്കൂ എന്ന് പഠനങ്ങൾ തെളിയിക്കുന്നു.

## വിഭവസംരക്ഷണം

വിഭവങ്ങൾ നീതിപൂർവവും ശ്രദ്ധാപൂർവവും ഉപയോഗിക്കുകയും അവയ്ക്ക് പുനസ്ഥാപിക്കപ്പെടാനുള്ള സമയം അനുവദിക്കുകയും ചെയ്യുക എന്നതാണ് വിഭവസംരക്ഷണത്തിന്റെ അടിസ്ഥാനതത്ത്വം.











നൽകിയിരിക്കുന്ന ഓരോ ചിത്രത്തിലെയും സന്ദർഭങ്ങളും വിഭവസംരക്ഷണത്തെ എങ്ങനെ സഹായിക്കുന്നു എന്നു ചർച്ചചെയ്യുക.



**ഈ ദിനങ്ങൾ പ്രകൃതിക്കുവേണ്ടി**

ജൂൺ 5 ലോക പരിസ്ഥിതിദിനം.
ഏപ്രിൽ 22 ലോക ഭൗമദിനം.

## വർക്ക്ഷീറ്റ്

അമിത വിഭവ ഉപയോഗത്തെ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങൾ, അതിലൂടെ ശോഷണം സംഭവിക്കുന്ന വിഭവങ്ങൾ, ബദൽമാർഗങ്ങൾ എന്നിങ്ങനെ പട്ടിക (പട്ടിക 12.2)യിലെ കളങ്ങളെ അനുയോജ്യമായി യോജിപ്പിക്കൂ. കൂടുതൽ ബദൽമാർഗങ്ങൾ കൂട്ടിച്ചേർക്കുമല്ലോ.

| അമിത വിഭവ ഉപയോഗം | വിഭവ സമ്പത്ത് | ബദൽ മാർഗങ്ങൾ |
|---|---|---|
|  | ജലസമ്പത്ത് (ജലാശയങ്ങൾ) | • പൊതുഗതാഗതസൗകര്യങ്ങൾ കൂടുതൽ ഉപയോഗിക്കുക.<br>• അന്തരീക്ഷമലിനീകരണമില്ലാത്ത ഇന്ധനങ്ങൾ ഉപയോഗിക്കുക.<br>• |
|  | വനസമ്പത്ത് (വനങ്ങൾ) | • ശുദ്ധജലം പാഴാക്കാതിരിക്കുക.<br>• മഴവെള്ളക്കൊയ്ത്ത് പോലുള്ള ജലസംരക്ഷണ മാർഗങ്ങൾ സ്വീകരിക്കുക.<br>• |
|  | വായുസമ്പത്ത് (അന്തരീക്ഷം) | • വൈദ്യുതി ഉപകരണങ്ങളും ലൈറ്റുകളും ആവശ്യത്തിനു മാത്രം പ്രവർത്തിപ്പിക്കുക.<br>• പാരമ്പര്യേതര ഊർജസ്രോതസ്സുകളായ സൂര്യപ്രകാശം, കാറ്റ്, മുതലായവയെ കൂടുതൽ ആശ്രയിക്കുക.<br>• |
|  | ഊർജസമ്പത്ത് (ഊർജ ഉറവിടങ്ങൾ) | • വനനശീകരണം തടയുക.<br>• തരിശുഭൂമികളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുക.<br>• |

പട്ടിക 12.2

ഭൂമിയിൽ പ്രകൃതിവിഭവങ്ങൾ പരിമിതമാണെന്നും അവ സംരക്ഷിക്കപ്പെടേണ്ടതാണെന്നും ബോധ്യമായല്ലോ. നമുക്ക് ആവശ്യമായ വിഭവങ്ങൾ ഉപയോഗിക്കാനുള്ള അവകാശമുണ്ട്. എന്നാൽ വരുംതലമുറകൾക്കും പ്രകൃതിവിഭവങ്ങൾ ആവശ്യമാണെന്ന് മനസ്സിലാക്കാതെ വിഭവങ്ങൾ അമിതമായി ഉപയോഗിക്കാൻ നമുക്ക് അവകാശമില്ല. 'വിഭവ വിനിയോഗം വിവേകപൂർവമാകണം' എന്നതായിരിക്കട്ടെ നമ്മുടെ മുദ്രാവാക്യം.

### വിഭവസംരക്ഷണവും ഇന്ത്യയിലെ നിയമങ്ങളും

അമിതവിഭവചൂഷണം മനുഷ്യരുടെ നിലനിൽപ്പിനെത്തന്നെ ചോദ്യംചെയ്തു തുടങ്ങിയപ്പോൾ പ്രകൃതിയെ നിഷ്കരുണം ഉപദ്രവിക്കുന്നതിൽ നിയന്ത്രണം വേണമെന്ന ചിന്തയുണ്ടായി. അങ്ങനെ ഈ നിയമങ്ങൾ നിലവിൽ വന്നു.


1. പരിസ്ഥിതിസംരക്ഷണം ഇന്ത്യൻ പൗരന്റെ കർത്തവ്യമാണെന്ന് ഉദ്ഘോഷിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെ 48 എ വകുപ്പും 51 എ.ജി. വകുപ്പും
2. പരിസ്ഥിതിസംരക്ഷണനിയമം
3. ജലനിയമം
4. വനസംരക്ഷണനിയമം
5. വായുനിയമം
6. ദേശീയ പരിസ്ഥിതി ട്രിബ്യൂണൽ

### വിഭവസംരക്ഷണം കേരളത്തിൽ

പെരിയാർ നദീസംരക്ഷണത്തിനു വേണ്ടിയുള്ള ജനമുന്നേറ്റം 1999 ൽ ജല അതോറിറ്റി സ്ഥാപിക്കുന്നതിനു കാരണമായി. ഇത്തരത്തിലുള്ള ജനകീയമുന്നേറ്റങ്ങളിലൂടെയും സർക്കാർ തലത്തിലുള്ള ഇടപെടലുകളിലൂടെയും നിരവധി നിയമങ്ങൾ വിഭവസംരക്ഷണവുമായി ബന്ധപ്പെട്ട് കേരളത്തിൽ നിലവിൽ വന്നിട്ടുണ്ട്. ഉദാ: നെൽവയൽ സംരക്ഷണനിയമം, തണ്ണീർത്തട സംരക്ഷണനിയമം

## വികസനം സുസ്ഥിരം പ്രകൃതി സുരക്ഷിതം

വരും തലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ശേഷിയിൽ കുറവു വരാതെതന്നെ ഇന്നത്തെ തലമുറ അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്ന സമീപനമാണ് സുസ്ഥിരവികസനം.



*"നമുക്ക് എല്ലാവരുടേയും ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനുള്ള വിഭവങ്ങളുണ്ട്. എന്നാൽ ഒരാളുടെ പോലും അത്യാഗ്രഹത്തെ നിറവേറ്റാനുള്ളതില്ലതാനും."*

*ഗാന്ധിജി*


വിഭവങ്ങൾ പുനചംക്രമണം ചെയ്യുക, അവയുടെ ഉപയോഗം കുറയ്ക്കുക, അവ പുനരുപയോഗിക്കുക എന്നിവയാണ് സുസ്ഥിരവികസനത്തിലേക്ക് എത്താനുള്ള മാർഗങ്ങൾ.

## സുസ്ഥിരവികസനത്തിനായി എന്തു ചെയ്യാം?

### നമുക്കൊരുമിച്ച്



- അടുക്കളയിൽ നിന്നുള്ള ജലം ചെടികൾ നനയ്ക്കാൻ ഉപയോഗിക്കുക.
- പൊതുസ്ഥലങ്ങളിൽ മരങ്ങൾ നട്ടുപിടിപ്പിക്കുക
- പാരമ്പര്യേതര ഊർജസ്രോതസ്സുകളായ സൗരോർജം, കാറ്റിൽനിന്നുള്ള ഊർജം മുതലായവ പരമാവധി ഉപയോഗപ്പെടുത്തുക.



- മഴവെള്ളക്കൊയ്ത്തിനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക.
- പ്ലാസ്റ്റിക് കവറുകൾക്കു പകരം തുണിസഞ്ചികൾ ഉപയോഗിക്കുക.
- 

### ഞാൻ ഇന്നുമുതൽ....



- ഊർജ ഉപയോഗം കുറയ്ക്കാൻ
- ലൈറ്റുകളും ഫാനുകളും അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കും.
- ഗുണമേന്മയുള്ള വൈദ്യുത ഉപകരണങ്ങൾ ഉപയോഗിക്കും.
- സാധാരണ ബൾബുകൾക്കു പകരം പരമാവധി എൽ.ഇ.ഡി. ബൾബുകൾ ഉപയോഗിക്കും.
- 
- 



- ഈ വസ്തുക്കൾ പുനരുപയോഗപ്പെടുത്തും.
  - പേപ്പർ
  - കുപ്പി
  - തുണി
  -
  -



- പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ജനിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടും.
- അത്യാവശ്യത്തിനു മാത്രമേ വിഭവങ്ങൾ ഉപയോഗിക്കുകയുള്ളൂ.
-
-




**വിഭവങ്ങൾ**

- പുനസ്ഥാപിക്കാൻ കഴിയുന്നവ
- പുനസ്ഥാപിക്കാൻ കഴിയാത്തവ

വിഭവശോഷണം

വിഭവസംരക്ഷണം



## സംഗ്രഹം

- പ്രകൃതിയിൽനിന്നു ലഭിക്കുന്നതും മനുഷ്യന് ഉപയോഗപ്രദവുമായ വസ്തുക്കൾ വിഭവങ്ങൾ എന്നറിയപ്പെടുന്നു.
- പ്രകൃതിവിഭവങ്ങളിൽ ചിലത് എക്കാലത്തും ലഭ്യമായതും ചിലത് ഉപയോഗമനുസരിച്ച് തീർന്നുപോകുന്നവയുമാണ്. ഇവ യഥാക്രമം പുനസ്ഥാപിക്കപ്പെടുന്നവ, പുനസ്ഥാപിക്കപ്പെടാത്തവ എന്നിങ്ങനെ അറിയപ്പെടുന്നു.
- അനിയന്ത്രിതമായ വിഭവ ഉപഭോഗംമൂലം സംഭവിക്കുന്ന വിഭവങ്ങളുടെ അളവിലും ഗുണനിലവാരത്തിലുമുള്ള കുറവാണ് വിഭവശോഷണം.
- വിഭവങ്ങൾ നീതിപൂർവവും ശ്രദ്ധാപൂർവവും ഉപയോഗിക്കുകയും അവയ്ക്ക് പുനസ്ഥാപിക്കപ്പെടാനുള്ള സമയം അനുവദിക്കുകയും ചെയ്യുക എന്നതാണ് വിഭവസംരക്ഷണം.
- വരുംതലമുറകളുടെ ആവശ്യങ്ങൾ കൂടി നിറവേറുന്നതിനായി വിഭവങ്ങൾ കാത്തുസൂക്ഷിക്കുന്ന സമീപനമാണ് സുസ്ഥിരവികസനം.



## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- പ്രകൃതിയിൽനിന്നു നേരിട്ടു ലഭിക്കുന്നതും ഉപയോഗയോഗ്യവുമായ വസ്തുക്കളാണ് പ്രകൃതിവിഭവങ്ങൾ എന്നു തിരിച്ചറിഞ്ഞ് പട്ടികപ്പെടുത്തുന്നു.
- പ്രകൃതിവിഭവങ്ങളെ പുനസ്ഥാപിക്കപ്പെടുന്നവയെന്നും പുനഃസ്ഥാപിക്കപ്പെടാത്തവയെന്നും വർഗീകരിച്ച് പട്ടികപ്പെടുത്തുന്നു.
- അശാസ്ത്രീയവും അനിയന്ത്രിതവുമായ വിഭവ ഉപയോഗം മൂലം പ്രകൃതിയിൽ വിഭവസമ്പത്തിന് വന്നു ചേരാവുന്ന ദോഷങ്ങൾ കണ്ടെത്തി രേഖപ്പെടുത്തുന്നു.
- വിഭവസംരക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കി വിവിധ മാർഗ്ഗങ്ങൾ നിർദേശിക്കുന്നു.
- സുസ്ഥിരവികസനത്തിനായി കൂട്ടായും ഒറ്റയ്ക്കുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## വിലയിരുത്താം

- കർഷകനായ രാഘവൻ പരമ്പരാഗതമായ കൃഷിരീതിയിലൂടെയാണ് കൃഷിചെയ്യുന്നത്. ജൈവവള പ്രയോഗം, കന്നുകാലികളെ ഉപയോഗിച്ച് നിലം ഉഴൽ തുടങ്ങിയവ. ഇവിടെ രാഘവൻ ഏതെല്ലാം തരത്തിലുള്ള പ്രകൃതിവിഭവങ്ങളെ ആശ്രയിച്ചാണ് കൃഷിചെയ്യുന്നത്? അവ ഏതെല്ലാമെന്ന് പട്ടികപ്പെടുത്തൂ. എന്താണ് പ്രകൃതിവിഭവങ്ങൾ?
- മരം, സൂര്യപ്രകാശം, മത്സ്യം, കാറ്റ്, കന്നുകാലികൾ, ജലം എന്നിവ ചില പ്രകൃതിവിഭവങ്ങളാണ്. ഇവയെ ജൈവവിഭവങ്ങൾ എന്നും അജൈവ വിഭവങ്ങൾ എന്നും തരംതിരിച്ച് പട്ടികപ്പെടുത്തൂ.
- താഴെ തന്നിരിക്കുന്നത് രണ്ടു കാറുകളുടെ സവിശേഷതകളാണ്. ഇവയുടെ ഓരോന്നിന്റെയും സവിശേഷതകൾ കണ്ടെത്തി ശരിയായ കളങ്ങളിൽ എഴുതൂ.

കാർ – എ : സൗരോർജത്താൽ പ്രവർത്തിക്കുന്നു.
കാർ – ബി : പെട്രോൾ കൊണ്ട് പ്രവർത്തിക്കുന്നു.

**സവിശേഷതകൾ**

1. അന്തരീക്ഷമലിനീകരണത്തിന് കാരണമാകുന്നില്ല.
2. പുനഃസ്ഥാപിക്കപ്പെടാത്ത വിഭവം ഇന്ധനമായി ഉപയോഗിക്കുന്നു.
3. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് കൂട്ടുന്നു.
4. ഇത്തരം കാറുകൾ ധാരാളമായി ഉപയോഗിക്കപ്പെടുന്നു.
5. ഇത്തരം കാറുകൾ വളരെ പരിമിതമായി മാത്രമേ ഉപയോഗിക്കപ്പെടുന്നുള്ളൂ.
6. പുനഃസ്ഥാപിക്കപ്പെടുന്ന വിഭവം ഇന്ധനമായി ഉപയോഗിക്കുന്നു.

| കാർ എ | കാർ ബി |
|---|---|
| • | • |
| • | • |
| • | • |

ഇതിൽ ഏതുതരം കാറുകളാണ് പ്രകൃതിസൗഹൃദപരമായത്? നിങ്ങളുടെ നിരീക്ഷണം സാധൂകരിക്കുക.

- 'വിഭവങ്ങൾ നാം കടമെടുത്തത്' എന്ന ആശയം വിശകലനം ചെയ്ത് നിഗമനങ്ങൾ എഴുതുക. വിഭവസംരക്ഷണത്തിനായി ഏതെങ്കിലും അഞ്ചു വഴികൾ കണ്ടെത്തി എഴുതുക.

## തുടർപ്രവർത്തനങ്ങൾ

- വംശനാശഭീഷണി നേരിടുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും പട്ടിക തയാറാക്കി സാമൂഹ്യശാസ്ത്രക്ലാസിൽ പ്രദർശിപ്പിക്കൂ.
- ലോകപരിസ്ഥിതിദിനം, ഭൗമദിനം എന്നിവ ആചരിക്കുന്നതോടൊപ്പം ഈ ദിനങ്ങളുടെ പ്രാധാന്യം സൂചിപ്പിക്കുന്ന ചാർട്ടുകൾ തയാറാക്കി ഒരു പ്രദർശനവും സംഘടിപ്പിക്കൂ.
- സ്കൂൾവളപ്പിൽ ലഭ്യമായ സ്ഥലങ്ങളിൽ ചെടികളും മരങ്ങളും നട്ടുപിടിപ്പിക്കുകയും. അവയുടെ പരിപാലനത്തിനായി കൂട്ടായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുക.

## സ്വയം വിലയിരുത്താം

| | പൂർണമായി | ഭാഗികമായി | തീരെയില്ല |
|---|---|---|---|
| പ്രകൃതിവിഭവങ്ങളെ മനസ്സിലാക്കി തിരിച്ചറിയാൻ കഴിയുന്നു. | | | |
| പുനസ്ഥാപിക്കപ്പെടുന്ന വിഭവങ്ങൾ, പുനസ്ഥാപിക്കപ്പെടാത്ത വിഭവങ്ങൾ എന്നിവ തരംതിരിച്ച് പട്ടികപ്പെടുത്താൻ സാധിക്കുന്നു. | | | |
| വിഭവശോഷണത്തിന് കാരണമായ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ കഴിയുന്നു. | | | |
| വിഭവസംരക്ഷണത്തിന്റെ പ്രാധാന്യം കണ്ടെത്താൻ കഴിയുന്നു. | | | |
| വിഭവസംരക്ഷണമാർഗങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്താൻ കഴിയുന്നു. | | | |
| സുസ്ഥിരവികസനത്തിന്റെ പ്രാധാന്യം വിശദീകരിക്കാൻ കഴിയുന്നു. | | | |